ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു വിവരങ്ങൾ

പേര്	- കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്
ആസ്ഥാനം	- പുല്ലാട്
ജില്ല	- പത്തനംതിട്ട
താലൂക്ക്	- തിരുവല്ല
നിയമസഭാ മണ്ഡലം	- 112, ആറന്മുള
ലോകസഭാ മണ്ഡലം	- പത്തനംതിട്ട
ബ്ലോക്ക് പരിധിയിൽ ഉൾപ്പെടുന്ന നിയമസഭാ മണ്ഡലങ്ങൾ	- തിരുവല്ല, ആറന്മുള, റാന്നി
ഗ്രാമപഞ്ചായത്തുകൾ	- തോട്ടപ്പുഴശ്ശേരി, അയിരൂർ, കോയിപ്രം, ഇരവിപേരൂർ, പുറമറ്റം, എഴുമറ്റൂർ
ബ്ലോക്ക് ഡിവിഷൻ	- 13
വനിതാ സംവരണം	- 07
പട്ടികജാതി സംവരണം	- 01
വിസ്തീർണ്ണം	- 117.88 ച.കി.മി

ജനസംഖ്യ സ്ഥിതി വിവര കണക്ക്

ജനസംഖ്യ	- 120731
സ്ത്രീ	- 64157
പുരുഷൻ	- 56574
പട്ടികജാതിക്കാർ	- 13552
പട്ടികവർഗ്ഗക്കാർ	- 420
സാക്ഷരതാ നിരക്ക്	- 90.17 %

ബ്ലോക്ക് പഞ്ചായത്ത് ഘടക സ്ഥാപനങ്ങൾ

ക്രമ നമ്പർ	വകുപ്പ്	ഓഫീസും തസ്തികയും	ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം
1	ഗ്രാമവികസന വകുപ്പ്	ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്	കോയിപ്രം
2	കൃഷി	കൃഷി അസിസ്റ്റന്റ് ഡയറക്ടർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്	പുല്ലാട്
3	എൽ. എസ്സ്. ജി. ഡി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ. എസ്സ്. ജി. ഡി ആഫീസ്, കോയിപ്രം	കോയിപ്രം
4	ക്ഷീരവികസന വകുപ്പ്	ക്ഷീരവികസന ഓഫീസർ, ക്ഷിരവികസന ഓഫീസ്, കോയിപ്രം	കോയിപ്രം
5	വനിതാ ശിശുവികസനം	ഐ. സി. ഡി. എസ്സ് ഓഫീസർ ശിശുവികസന ഓഫീസ്	കോയിപ്രം
6	വ്യവസായം	വ്യവസായ വികസന ഓഫീസർ വ്യവസായ വികസന ഓഫീസ്	കോയിപ്രം
7	ആരോഗ്യം	മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ - എഴുമറ്റൂർ	കോയിപ്രം
8	ആരോഗ്യം	മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ - കാഞ്ഞീറ്റുകര	കോയിപ്രം
9	പട്ടികജാതിവികസനം	പട്ടികജാതിവികസന ഓഫീസർ, കോയിപ്രം	കോയിപ്രം

സ്റ്റാൻഡിംഗ് കമ്മറ്റികൾ

ബ്ലോക്ക് പഞ്ചായത്തിൽ നാല് സ്റ്റാൻഡിംഗ് കമ്മറ്റികൾ ഉണ്ട്.

1. ധനകാര്യം 2. വികസനം 3. ക്ഷേമകാര്യം 4. വിദ്യാഭ്യാസം ആരോഗ്യം

1. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി

- ധനകാര്യം, അക്കൗണ്ടുകൾ, ആഡിറ്റ് ബഡ്ജറ്റ്, പൊതുഭരണം, മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുക.
- ഘടകസ്ഥാപനങ്ങൾ, വികസന - ക്ഷേമ - സാമൂഹിക സുരക്ഷാ നടപടികൾ ഉൾപ്പെടെയുള്ളതിൽ പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ടിന് ഒപ്പം വരവ് - ചെലവ് കണക്കുകൾ തയ്യാറാക്കി പ്രസിദ്ധം ചെയ്യുക
- ഇതര സ്റ്റാൻഡിംഗ് കമ്മറ്റി ചുമതലപ്പെട്ട പദ്ധതികളുടേയും സ്ഥാപനങ്ങളുടേയും നിർവ്വഹണ - പരിപാലനപ്രവർത്തനങ്ങളുടെ മുൻകൂർ കണക്കെടുക്കുകയും സ്ഥാപനങ്ങളുടേയും നിർവ്വഹണ - പരിപാലനപ്രവർത്തനങ്ങളുടെ മുൻകൂർ കണക്കെടുക്കുകയും പ്രാബല്യം വിലയിരുത്തുകയും ചെയ്യുക.
- പഞ്ചായത്തിന്റെ പൊതുധനവിഭവ പരിപാലനം ഉറപ്പാക്കാനും ധനകമ്മി കുറയ്ക്കാനും റവന്യു വരവ് ഉയർത്താനും നടപടി പ്രാബല്യത്തിൽ വരുത്തുക
- ശമ്പള വിതരണം, ദുരന്തപരിഹാരം, പുനരധിവാസം തുടങ്ങിയവയുൾപ്പെടെ ധനനടപടികൾ പാലിക്കുക
- റവന്യു - ധനകാര്യം ജീവനക്കാരുടെ മേൽ നോട്ടം പ്രവർത്തി വിലയിരുത്തൽ, നിരിക്ഷണം, തിരുത്തൽ എന്നിവ നടപ്പാക്കുക.

2. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി

- വികസനആസൂത്രണം, സാമൂഹ്യവും, സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി മൃഗസംരക്ഷണം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം,പൊതുമരാമത്ത്,പാർപ്പിട സൗകര്യം, വൈദ്യുതി.
- നീർമറി പരിപാലനം
- വികേന്ദ്രീകൃതാസൂത്രണം, സാമൂഹ്യസാമ്പത്തിക ആസൂത്രണം,തൊഴിൽ മേഖലകൾ, പശ്ചാത്തല സൗകര്യങ്ങൾ മുതലായവയുടെ വികസമാസൂത്രണം, നിർവ്വഹണം എന്നിവയ്ക്കുള്ള ചുമതല.
- ഘടസ്ഥാപനനിരീക്ഷണ - പരാതി പരിഹാര ചുമതല
- പ്രവർത്തന റിപ്പോർട്ട് വരവ് - ചെലവ് കണക്ക് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിക്കാനുള്ള ചുമതല
- കേന്ദ്ര - സംസ്ഥാന സ്കീമുകളുടെ വിഹിതം ബ്ലോക്ക് പദ്ധതികളുമായി ഏകോപിപ്പിക്കാനുള്ള ചുമതല

3. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി.

- പട്ടിജാതി - പട്ടിവർഗ്ഗ വികസനം, സ്ത്രീകളുടേയും കുട്ടികളുടേയും വികസനം, സാമൂഹ്യക്ഷേമം, ദാരിദ്ര നിർമ്മാർജ്ജനം, പരിസ്ഥിതി എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യൽ.
- സാമൂഹ്യക്ഷേമം, ദാരിദ്ര്യ ലഘൂകരണം, പരിസ്ഥിതി, വിനോദം എന്നിവയുടെ രൂപീകരണം, നടത്തിപ്പ് നിരീക്ഷണം എന്നിവയ്ക്കുള്ള ചുമതല.
- ഘടക സ്ഥാപനനടത്തിപ്പ് സംബന്ധിച്ചുള്ള വരവ് ചെലവ് കണക്ക് റിപ്പോർട്ട് എന്നിവ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിക്കുക

- ഘടക സ്ഥാപനനിരീക്ഷണവും തിരുത്തലും പരാതി പരിഹാരവും ഉൾപ്പെടെ ചുമതല.

ഉത്തരവാദിത്വവും ചുമതലകളും

കേരള പഞ്ചായത്ത് രാജ് ആക്ടിലെ 172-ാം വകുപ്പ് അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ പരിപാലനത്തിനും, ബ്ലോക്ക് പ്രദേശത്തുള്ള ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും, ആക്ടിലെ നാലാം ചട്ട പ്രകാരം (എ) പൊതുവായ ചുമതലകൾ (ബി) മേഖലാ അടിസ്ഥാനത്തിലുള്ളവ എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു.

എ) പൊതുവായ ചുമതലകൾ

1. സർക്കാർ - സർക്കാരിതര സാങ്കേതിക വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തുക.
2. ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുക.
3. ആവർത്തനം ഒഴിവാക്കുന്നതിനായി, ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ്, ഫോർവേർഡ് ലിങ്കേജ് നൽകുകയും ചെയ്യുക.

(ബി) മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

I. കൃഷി

1. ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക.
2. ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്കാവശ്യമായ കാർഷിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. കാർഷിക പ്രദർശനങ്ങൾ നടത്തുക
4. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക.
5. കാർഷിക വായ്പകൾ സ്വരൂപിക്കുക.
6. പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക

II ചെറുകിട വ്യവസായങ്ങൾ

1. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
2. എസ്.എസ്.ഐയുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടുകൂടിയുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
3. വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക

III ഭവനനിർമ്മാണം

1. ചെലവ് കുറഞ്ഞ ഭവനനിർമ്മാണം പ്രചരിപ്പിക്കുക
2. ഭവനനിർമ്മാണ സഹകരണസംഘങ്ങൾ പ്രോത്സാഹിപ്പിക്കുക

IV. വിദ്യുച്ഛക്തിയും ഊർജ്ജവും

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുക

V പൊതുമരാമത്ത്

ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക. സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക

VI. **പൊതുജനാരോഗ്യവും ശുചീകരണവും**

ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാതരം ചികിത്സസമ്പ്രദായങ്ങളുമുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക

VII. **സാമൂഹ്യക്ഷേമം**

ഐ.സി.ഡി.എസ് കേന്ദ്രങ്ങൾ നടത്തുക

VIII. **ദാരിദ്ര്യ നിർമ്മാർജ്ജനം**

ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽ സുരക്ഷാപദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക.

പാവപ്പെട്ടവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പിക്കുകയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വേതനത്തോടുകൂടിയുള്ള തൊഴിൽ നൽകുകയും ചെയ്യുക.

IX. **പട്ടികജാതി – പട്ടികവർഗ്ഗവികസനം**

പട്ടികജാതി /പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണസംഘങ്ങൾ വളർത്തുക.

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമീണ ജനതയുടെ ജീവിത സുരക്ഷ ഉറപ്പാക്കാനായി ഇന്ത്യൻ പാർലമെന്റ് 2005 സെപ്തംബർ 5 ന് പാസ്സാക്കി വിജ്ഞാപനം ചെയ്തിട്ടുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, അവിദഗ്ദ്ധ കായിക അദ്ധ്വാനം ഉൾപ്പെട്ട ജോലികൾ ചെയ്യാൻ സന്നദ്ധതയുള്ള കുടുംബങ്ങൾക്ക് 100 ദിവസത്തെ അധികജോലി ഉറപ്പു നൽകുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രദാനം ചെയ്യുന്ന അവകാശങ്ങൾ:

1. 18 വയസ്സ് പൂർത്തിയായ ഏതൊരു ഗ്രാമീണനും പദ്ധതിയിൽ രജിസ്റ്റർ ചെയ്യുവാനുള്ള അവകാശം
2. തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശം
3. തൊഴിൽ ആവശ്യപ്പെടുന്നതിനുള്ള അവകാശം
4. ഗ്രാമസഭവഴി തൊഴിൽ കണ്ടെത്തുന്നതിനുള്ള അവകാശം
5. 100 ദിവസം തൊഴിൽ ലഭിക്കുന്നതിനുള്ള അവകാശം
6. സ്ത്രീയ്ക്കും പുരുഷനും തുല്യവേതനം ലഭിക്കുന്നതിനുള്ള അവകാശം
7. തൊഴിൽ സ്ഥലത്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അവകാശം
8. 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാത്തപക്ഷം പത്ത് ശതമാനം അധിക വേതനം ലഭിക്കുന്നതിനുള്ള അവകാശം
9. അപേക്ഷ നൽകി 15 ദിവസത്തിനകം തൊഴിൽ നൽകാത്ത പക്ഷം തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നതിനുള്ള അവകാശം
10. 14 ദിവസത്തിനകം കൂലി ലഭിക്കുന്നതിനും ലഭിക്കാത്ത പക്ഷം നഷ്ടപരിഹാരത്തിനുള്ള അവകാശം
11. പദ്ധതി നടത്തിപ്പിലുടനീളം സുതാര്യത ഉറപ്പുവരുത്തുന്നതിനും വിവരം അറിയുന്നതിനുമുള്ള അവകാശം
12. തൊഴിൽ സ്ഥലത്ത് അപകടം പറ്റിയാൽ സൗജന്യ ചികിത്സയ്ക്കുള്ള അവകാശം

13. അപകട മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ എക്സ്ഗ്രേഷ്യ പേയ്മെന്റിനുള്ള അവകാശം

ബ്ലോക്ക് പഞ്ചായത്തു സെക്രട്ടറിമാർ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ അധിക ചുമതല നിർവ്വഹിക്കുന്നു. പദ്ധതി നിർവ്വഹണത്തിൽ ഇവരെ സഹായിക്കുവാൻ ഒരു അക്കൗണ്ടന്റ് - കം - ഡാറ്റാ എൻട്രിഓപ്പറേറ്ററെയും ഒരു അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയറെയും ബ്ലോക്ക്തലത്തിൽ നിയമിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് തലം :

സംസ്ഥാനത്ത് ഈ പദ്ധതിയുടെ നിർവ്വഹണം 100% ഗ്രാമപഞ്ചായത്ത് തലത്തിലാണ് നടത്തുന്നത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ പദ്ധതിയുടെ രജിസ്ട്രേഷൻ ഓഫീസർമാരായും നിർവ്വഹണ ഉദ്യോഗസ്ഥനായും പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ സഹായിക്കുന്നതിനായി ഒരു അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസിയറെയും അക്കൗണ്ടന്റ് - കം - ഡാറ്റാ എൻട്രി ഓപ്പറേറ്ററെയും നിയമിച്ചിട്ടുണ്ട്.

(ബി). സമ്പൂർണ്ണ ശുചിത്വ യജ്ഞം

ഗ്രാമീണ ജനതയുടെ ജീവിത ഗുണമേന്മ മെച്ചപ്പെടുത്തുക, ജനങ്ങളുടെ ആരോഗ്യ ബോധവും നിലവാരവും ഉയർത്തുക. സ്ത്രീകളുടെ സ്വകാര്യതയും അഭിമാനബോധവും സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും2000 രൂപ സബ്സിഡിയോടെ വ്യക്തിഗത കക്കൂസുകൾ നിർമ്മിക്കുന്നതിനും 1986 ൽ കേന്ദ്ര ഗവൺമെന്റ് ആരംഭിച്ച പരിപാടിയാണ് കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി (CRSP). ഇതിന്റെ ആശയങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് 1999 ൽ പുനരാവിഷ്കൃത ഗ്രാമീണ ശുചിത്വ പരിപാടി (RCRSP) തുടങ്ങി വയ്ക്കുകയുണ്ടായി. സബ്സിഡി 500 രൂപയായി കുറയ്ക്കുകയും ?ഹിതാധിഷ്ഠിത പദ്ധതിയായി പുനരാവിഷ്കരിക്കുകയും ചെയ്തു. 2001 ലാണ് ഇന്ന് രാജ്യത്ത് വിജയപ്രദമായി നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ ശുചിത്വ യജ്ഞം (TSC) പരിപാടിക്ക് നാന്ദി കുറിച്ചത്.

ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്

- ഗ്രാമപ്രദേശത്തെ ഒരു ജീവിതത്തിന്റെ പൊതുവായ ഗുണമേന്മ വർദ്ധിപ്പിക്കുക
- ശുചിത്വ പരിപാടി വ്യാപകവും ത്വരിതവുമാക്കുക
- ആരോഗ്യ വിദ്യാഭ്യാസം , ബോധവൽക്കരണം എന്നിവയിലൂടെ ആവശ്യകത ജനിപ്പിക്കുക
- വിദ്യാലയങ്ങളിലും അംഗൻവാടികളിലും ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്തി പരിപാടി വ്യാപിപ്പിക്കുക
- ചെലവു ചുരുങ്ങിയ അനുയോജ്യമായ സാങ്കേതിക വിദ്യകൾ പ്രോൽസാഹിപ്പിക്കുക
- ജലജന്യ രോഗങ്ങളുടെ വ്യാപനം കുറയ്ക്കുക

വിവരാവകാശ നിയമം (2005)

2005 ഒക്ടോബർ 12 നാണ് ഈ ആക്ട് നിലവിൽ വന്നത്. പട്ടികയിൽപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഒഴികെ കേന്ദ്ര - സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, അർദ്ധസർക്കാർ പൊതുഖജനാവിൽ നിന്നും ധനസഹായം നേടുന്ന സ്ഥാപനങ്ങൾ, സന്നദ്ധ സ്ഥാപനങ്ങൾ തുടങ്ങിയിടങ്ങളിൽ നിന്നും പൗരന്മാർക്ക് വിവരങ്ങൾ ഉറപ്പാക്കുന്നതാണ് ഈ നിയമം.

പൊതുഅധികാരികളുടെ കൈവശം ഉള്ളതോ അവർക്ക് സമാഹരിക്കാവുന്നതോ അവരുടെ നിയന്ത്രണത്തിലുള്ളതോ ആയ ഏതൊരു വിവരങ്ങളും ഇതിന്റെ പരിധിയിൽ വരും. നിയമം നിലവിൽ വന്ന 120 ദിവസത്തിനകം പൊതുസ്ഥാപനങ്ങൾ സംബന്ധമായ വിവരങ്ങൾ സമാഹരിച്ച് ശേഖരിച്ച് ക്രമീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. സ്ഥാപനഘടന, ഉദ്യോഗസ്ഥ, ജീവനക്കാർ ഉത്തരവാദിത്വങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങൾ നിബന്ധനകൾ മാനദണ്ഡങ്ങൾ ഫീസ്/ചാർജ്ജ്/സെസ്സ് വിവരങ്ങൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെല്ലാം ഇപ്രകാരം പ്രസിദ്ധം ചെയ്യണം.

ഇതിനുപുറമേയാണ് അതാത് ഭരണവകുപ്പുകളിൽ നിർദ്ദിഷ്ട ഉദ്യോഗസ്ഥരെ വിവരാവകാശ ഉദ്യോഗസ്ഥരായി നിയമിച്ചുകൊണ്ട് വിവരലഭ്യത വ്യവസ്ഥ ചെയ്യുന്നത്. ഭരണസംബന്ധിയായിട്ടുള്ള രേഖകൾ അറിയിപ്പുകൾ, തീർപ്പുകൾ, ഫയൽനോട്ടുകൾ, ഉപദേശം, അഭിപ്രായം, സർക്കുലർ, മാതൃകകൾ, സാമ്പിളുകൾ റിപ്പോർട്ടുകൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടും.

സാക്ഷ്യപ്പെടുത്തി. തനിപകർപ്പോ, കമ്പ്യൂട്ടർ, ഫ്ളോപ്പി, സി.ഡി തുടങ്ങിയ ഇലക്ട്രോണിക് ഉപാധികളിലോ ഉള്ള പകർപ്പ് ലഭ്യമാക്കുന്നതിന് ആവശ്യപ്പെടാവുന്നതാണ്.

വെള്ളപ്പേപ്പറിൽ അപേക്ഷകരുടെ മേൽ വിലാസം ലഭിക്കേണ്ടതെന്നുത് എന്നിവ വ്യക്തമാക്കികൊണ്ട് അതാത് സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ അഥവാ പബ്ലിക് ഇൻഫർമേഷൻ ആഫീസർക്ക് അപേക്ഷ നൽകണം എന്താവശ്യത്തിനാണ് വിവരം ലഭ്യാക്കേണ്ടിയിരുന്നത് എന്ന് അപേക്ഷകർ വെളുപ്പെടുത്തേണ്ടതില്ല, വിവര ലഭ്യതയ്ക്ക് കൂടുതൽ ചെലവ് ആവശ്യമെങ്കിൽ ആയത് ഒടുക്കാൻ അപേക്ഷകനോട് നിർദ്ദേശിക്കാം.

സമയപരിധി

സാധാരണ രീതിയിലുള്ള അപേക്ഷകൾക്കുമേൽ അപേക്ഷ തീയതി മുതൽ മുപ്പതുദിവസത്തിനകം ബന്ധപ്പെട്ട വിവരം ലഭ്യമാക്കിയിരിക്കണം. മനുഷ്യാവകാശ സംബന്ധിയായ വിവരങ്ങളാണെങ്കിൽ 48 മണിക്കൂറിനുള്ളിൽ ആയതിന്റെ വിവരങ്ങൾ അപേക്ഷകർക്ക് ലഭ്യമാക്കണം. ഈ കാലയളവിനുള്ളിൽ വിവരംമ നൽകുന്നതിനുള്ള ഫീസ് സ്വീകരിച്ചുകൊണ്ട്. വിവരങ്ങൾ അപേക്ഷകർക്ക് നൽകുകയോ യഥാവിധി പരിശോധിച്ചില്ലെങ്കിലും വിവരങ്ങൾ ലഭ്യമല്ലാതിരിക്കുകയോ യുക്തമായ കാരണത്താൽ വിവരം നൽകായിട്ടില്ലെങ്കിൽ ആ കാര്യം ബോദ്ധ്യപ്പെടുത്തുകയോ അപേക്ഷ നിരസിക്കുന്നതായി രേഖാമൂലം അറിയിക്കണം. നിശ്ചിത സമയപരിധിക്കുള്ളിൽ തീരുമാനമെടുക്കാതിരുന്നാൽ കേന്ദ്ര - സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ആഫീസർമാർ അപേക്ഷ നിരസിച്ചുവെന്ന് കരുതാം.

ഓരോ സ്ഥാപനത്തിലും നിയുക്തരാക്കപ്പെട്ടിട്ടുള്ള വിവരാവകാശ അഫീസർമാർ(പബ്ലിക് ഇൻഫർമേഷൻ) സംസ്ഥാനകേന്ദ്ര സർക്കാരുകൾ ഇത് സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കാം . ഏതൊരു പൊതു സ്ഥാപനത്തിലെയും ഏതൊരു ഉദ്യോഗസ്ഥനോടും ഒരു വിവരാവകാശ ആഫീസർമാർക്ക് നിർദ്ദിഷ്ട വിവരങ്ങൾ ആവശ്യപ്പെടുന്നതാണ്. അത്തരം ഘട്ടത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും വിവരാവകാശ ആഫീസർമാരായി പരിഗണിക്കപ്പെടും.

പദ്ധതികൾ/സ്കീമുകൾ

പ്രധാനമന്ത്രി ഗ്രാമസടക്ക് യോജന

ഗ്രാമപ്രദേശങ്ങളിൽ 500 ലധികം ജനസംഖ്യയുള്ളതും റോഡു ബന്ധമില്ലാത്തതും ആവാസ് കേന്ദ്രങ്ങളെ എതെകിലും പ്രധാന റോഡുമായോ, റോഡുമായി ബന്ധപ്പെട്ടുകിടക്കുന്ന എതെങ്കിലും ആവാസകേന്ദ്രവുമായോ ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കുന്ന പദ്ധതിയാണ് പി.എം.ജി.എസ് വൈ എം.പി മാർ എം.എൽ.എ മാർ എന്നിവർ പങ്കെടുക്കുന്ന ജില്ലാ പഞ്ചായത്തിന്റെ യോഗത്തിൽ വച്ച് തീരുമാനിക്കുനന്ന മുൻഗണനാ ക്രമമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ നിന്നുള്ള റോഡുകൾ ഉൾപ്പെടുന്ന ഓരോ പാക്കേജിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) തയ്യാറാക്കി ഗ്രാമവികസന കമ്മീഷണറേറ്റിലെ സൂപ്രണ്ടിംഗ് എഞ്ചിനിയറുടെ സാങ്കേതിക അംഗീകാരത്തോടെ സ്റ്റേറ്റ് ടെക്നിക്കൽ എജൻസിക്ക് പരിശോധനക്കായി നൽകുന്നു. തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജിനെയാണ് സ്റ്റേറ്റ് ടെക്കിനിക്കൽ എജൻസിയായി കേന്ദ്രസർക്കാർ ചുമതപ്പെടുത്തിയിരിക്കുന്നത്. സ്റ്റേറ്റ് ടെക്നിക്കൽ എജൻസി പരിശോധിച്ച് അംഗീകാരം നൽകുന്ന മുറയ്ക്ക് ചീഫ് സെക്രട്ടറി ചെയർമാനും ഗ്രാമവികസന വകുപ്പ് സെക്രട്ടറി കൺവീനറായും സ്റ്റേറ്റ് ലവൽ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിക്കുകയും ചെയ്യുന്നു. കേന്ദ്രാനുമതിയും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ജില്ലാ തലത്തിൽ എൽഎസ്ജിഡി എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ മേനോട്ടത്തിൽ ടെണ്ടർ ചെയ്താണ് പിഎംജിഎസ്‌വൈ പണി നടപ്പാക്കുന്നത്.

പുതിയ റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

1. ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട റോഡിൽനിന്നും 500 മീറ്ററിലധികം ദൂരത്തിൽ ഒറ്റപ്പെട്ടു കിടക്കുന്ന ആയിരത്തിൽ അധികം ജനസംഖ്യയുള്ള ആവാസക്രേന്ദ്യങ്ങളിൽ ഈ ദൂരം 1.5 കി.മി ആയി നിജപ്പെടുത്തിയിട്ടുണ്ട്.

2. പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ് ഈ പദ്ധതിയുടെ അടിസ്ഥാന രേഖയായി തയ്യാറാക്കിയിട്ടുള്ള കോർനെറ്റ് വർക്കിന്റെ ഒരു ഭാഗമായിരിക്കണം (നിലവിലുള്ള റോഡുകളുടേയും നിർദ്ദേശിക്കപ്പെട്ട റോഡുകളുടേയും മാപ്പിംഗ്)

3. കൂടുതൽ ആളുകൾക്ക്/ആവാസ കേന്ദ്രങ്ങൾക്ക് പ്രയോജനമുള്ള റോഡുകൾക്ക് മുൻഗണന.

4. ഈ പദ്ധതി പ്രകാരം നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതായിരിക്കണം. നിശ്ചിത റോഡിന്റെ പേവ് മെന്റ് സൂചിക രണ്ടോ അതിൽ താഴയോ ആയിരിക്കണം.

5. പദ്ധതിയുടെ വിശദവിവരങ്ങൾ pmgsy.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനനിധി

ആർ.ഐ.ഡി.എഫ്

അടിസ്ഥാനതല വികസനപദ്ധതികളായ നീർത്തട വികസനം, ചെറുകിട ജലസേചനം, ഗ്രാമീണ റോഡുകൾ എന്നിവയുടെ നടത്തിപ്പിനാവശ്യമായ ദീർഘകാലല വായ്പകൾ 1995 - 96 മുതൽ സംസ്ഥാന സർക്കാരിന് നബാർഡ് നൽകിപ്പോരുന്നു.

ഗ്രാമീണ റോഡുകൾ മാത്രം ഗ്രാമവികസന കമ്മീഷണറുടെ ചുമതലയിൽ ആണ്. ആർ.ഐ.ഡി.എഫ് 1, 2 ആദ്യത്തെ 2 വർഷങ്ങളിൽ ഗ്രാമീണ റോഡ് പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് നമ്പർ (പി) 609/96/ഫിൻ തീയതി 10.02.1998 പ്രകാരമാണ് ആർ.ഐ.ഡി.എഫ് റോഡ് പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്.

പദ്ധതി നടപ്പിലാക്കുന്ന രീതി

1. പദ്ധതി നിർദ്ദേശങ്ങൾ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ക്ഷണിക്കുന്നു. റോഡുകൾ നിർദ്ദേശിക്കുന്നതിനുള്ള അധികാരം ബ്ലോക്ക് പഞ്ചായത്തുകൾക്കാണ്.
2. വിശദമായ എസ്റ്റിമേറ്റുകൾ ബ്ലോക്കിൽ നിന്നും ഡി.ആർ.ഡി.എ വഴി ഗ്രാമവികസന കമ്മീഷണർക്ക് ലഭിക്കുന്നു.
3. തദ്ദേശസ്വയം ഭരണ (ആർഡി) വകുപ്പ്, ധനകാര്യവകുപ്പ് എന്നിവ വഴി ഗ്രാമവികസന കമ്മീഷണർക്ക് കൈമാറുന്നു.
4. ഈ നബാർഡ് അംഗീകൃത റോഡ് പദ്ധതികൾ ഗ്രാമവികസന കമ്മീഷണർ സർക്കാരിനയച്ച് ഭരണപരമായ അംഗീകാരം നേടി തിരിച്ച് ഡിആർഡിഎ മുഖേന ബ്ലോക്ക് പഞ്ചായത്തുകളെ അറിയിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ നബാർഡ് അംഗീകൃത റോഡ് പദ്ധതികൾക്ക് ഭരണാനുമതി വെച്ച് പ്രവർത്തികൾ ആരംഭിക്കുന്നു.
5. ആർഐഡിഎഫ് 3 മുതൽ 8 വരെ നബാർഡ് അംഗീകരിച്ച പ്രവർത്തികൾക്ക് മൊത്തം ബിൽ തുകയുടെ 90% റീ ഇംബേഴ്സായി നബാർഡ് സംസ്ഥാന സർക്കാരിന് നൽകണം.
6. ആർ.ഐ.ഡി.എഫ് 9 മുതൽ ഇത് 80% ആണ്. ബാക്കി തുക (10 അല്ലെങ്കിൽ 20%) പഞ്ചായത്തുകൾ പദ്ധതി വിഹിതത്തിന്റെ ജനറൽ സെക്ടറിലെ നോർമൽ വിഹിതത്തിൽ നിന്നും നൽകും.
7. നബാർഡിൽ നിന്ന് റീ ഇംബേഴ്സ്മെന്റായി നൽകുന്ന തുക അലോട്ട്മെന്റായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്നു.

<u>പി.എം.എ.വൈ (ഗ്രാമീൺ)</u>

പി.എം.എ.വൈയുടെ ലക്ഷ്യം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും സൗജന്യമായ വീടുകൾ ഉണ്ടാക്കികൊടുക്കുക എന്നതാണ്. ഗുണഭോക്താക്കൾക്ക് സ്വന്തമായി 2 സെന്റ് ഭൂമിയെങ്കിലും ഉള്ളവരും വാസയോഗ്യമായ വീടില്ലാത്തവരും ആയിരിക്കണം. ഇതര സമുദായങ്ങളിൽപ്പെട്ട വർക്കുള്ള വിഹിതം മൊത്തം വിഹിതത്തിന്റെ 40% ത്തിൽ കവിയാൻ പാടില്ല.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല ഗ്രാമസഭകൾക്കാണ് ലക്ഷ്യവിഭാഗങ്ങളിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാക്രമം താഴെകൊടുത്തിരിക്കുന്നു.

1. മോചിക്കപ്പെട്ട അടിമത്തൊഴിലാളികൾ.
2. അതിക്രമത്തിന് വിധേയരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബക്കാർ.
3. വിധവകളും, അവിവാഹിതരും കുടുംബനാഥരായിട്ടുള്ള പട്ടികജാതി/വർഗ്ഗ കുടുംബങ്ങൾ
4. വെള്ളപ്പൊക്കം,തീപിടുത്തം, ഭൂകമ്പം മുതലായ പ്രകൃതി ക്ഷോഭങ്ങൾക്കിരയായ പട്ടികജാതി/പട്ടികവർഗ്ഗങ്ങൾ
5. കൊല്ലപ്പെട്ട സായുധ സേനാഗങ്ങളുടെ കുടുംബങ്ങൾ/വിധവകൾ.
6. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള മറ്റു പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ.
7. വികലാംഗരും ബുദ്ധിമാന്ദ്യമുള്ളവരും

ഗുണഭോക്തൃ കുടുംബത്തിലെ സ്ത്രീ അംഗത്തിന്റെ പേരിലാണ് വീട് അനുവദിക്കുന്നത്. കുടുംബത്തിലെ ഭർത്താവിന്റെയും, ഭാര്യയും കൂട്ടായ പേരിലും വീട് അനുവദിക്കാവുന്നതാണ്. മാരോ പ്രദേശത്തേയും പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുത്തായിരിക്കും വീടുകളുടെ രൂപകൽപ്പന, വലുപ്പം, തരഭേദം, എന്നിവ നിശ്ചയിക്കുക. വീടുകളുടെ തറ വിസ്തീർണ്ണം 20 ചതുരശ്ര മീറ്റർ ആയിരിക്കണമെന്നല്ലാതെ പ്രത്യേക ഡിസൈൻ യാതൊന്നും നിശ്ചയിട്ടില്ല. വിടുകളോടനുബന്ധിച്ച് പുകയില്ലാത്ത അടുപ്പും സാനിട്ടറി ലാട്രിനും ഉണ്ടായിരക്കണം.

പി.എം.എ.വൈയിൽ പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിന് അനുവദിക്കുന്ന പരമാവധി ധനസഹായം 27,500/- രൂപയാണ് എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഈ തുക അപര്യാപ്തമാണ്. കേരളത്തിലെ വിവിധ വകുപ്പുകളും.

പി.എം.എ.വൈയിൽ പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിന് അനുവദിക്കുന്ന പരമാവധി ധനസഹായം 27,500/- രൂപയാണ് എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഈ തുക അപര്യാപ്തമാണ്. കേരളത്തിലെ വിവിധ വകുപ്പുകളും ഏജൻസികളും നടപ്പാക്കിവരുന്ന ഭവനിർമ്മാണ പദ്ധതികൾ ധനസഹായം വ്യത്യസ്ത രീതിയിലാണ് നൽകിവരുന്നത്.

തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ അനുസരിച്ച് (31.03.2004 ലെ ജി.ഒ(എം.എസ്) നമ്പർ 40/2004/പ്ലാനിംഗ് പി.എം.എ.വൈ പ്രകാരം വീട് നിർമ്മാണത്തിനുള്ള സബ്സിഡി തുക പട്ടികജാതിക്കാർക്ക് 50,000/- രൂപയായും പട്ടിക വർഗ്ഗക്കാർക്ക് 75,000/-രൂപയായും മറ്റുള്ളവർക്ക് 50,000/- രൂപ വരെയായും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അധിക തുക ബ്ലോക്കുകളുടെ പദ്ധതി വിഹിതത്തിൽ നിന്ന് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

പി.എം.എ.വൈ വീടുകൾ നിർമ്മിക്കുന്നതിന് ജോലികളുടെ നിർവ്വണവുമായി കരാറുകാരെ ബന്ധപ്പെടുത്തുവാൻ പാടില്ല. വീടുകളുടെ നിർമ്മാണം ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളും ഏറ്റെടുക്കുവാൻ പാടില്ല. പക്ഷേ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾക്കും സംഘടനകൾക്കും വീടുകളുടെ നിർമ്മാണ പുരോഗതി അനുസരിച്ച് ഗഡുക്കളായി നൽകുന്നതാണ്.

ദേശീയ സമ്പാദ്യ പദ്ധതി

വികസനപ്രക്രിയയിൽ അദ്വിതീയ സ്ഥാനമാണ് സമ്പാദ്യശീലത്തിനുള്ളത്. ധനിക - ദാരിദ്ര ഭേദമന്യേ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിന് ഭാരത സർക്കാർ ആവിഷ്കരിച്ചിട്ടുള്ള മുഖ്യ പരിപാടികളിൽ ഒന്നാണ് ദേശീയ സമ്പാദ്യ പദ്ധതി (നാഷണൽ സേവിംഗ് സ്കീം). ഈ പദ്ധതിയുടെ നടത്തിപ്പിൽ വികസന ബ്ലോക്കുകൾക്ക് നിർണ്ണായകമായ പങ്കാണുള്ളത്. പോസ്റ്റാഫീസ് ആവർത്തന നിക്ഷേപം (റെക്കറിംഗ് ഡപ്പോസിറ്റ്) വഴി ഗ്രാമീണജനതയെ വികസനപ്രക്രിയയിൽ പങ്കാളികളാകുന്നു.

ഇതിനായി എം.പി.കെ.ബി.വൈ ഏജന്റുമാരുടെ നിയമനം,പ്രവർത്തന മേനോട്ടം എന്നീ കാര്യങ്ങളിൽ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ,ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസരെ സഹായിക്കുന്നു.

കൂടാതെ കിസാൻ വികാസ് പത്ര, ദേശീയ സമ്പാദ്യ പദ്ധതി എട്ടാം, ഇഷ്യു, പബ്ലിക്ക് പ്രോവിഡന്റ് ഫണ്ട്, പെൻഷൻ നിക്ഷേപ പദ്ധതി,മാസ വരുമാന പദ്ധതി, പോസ്റ്റ് ഓഫീസ് ടൈം ഡെപ്പോസിറ്റ്, നാഷണൽ സേവിംഗ് സ്കീം 1992 എന്നിവയിൽ പണം നിക്ഷേപിക്കാൻ ജനങ്ങളെ പ്രേരിക്കുന്നതിന് എസ്.എ.എസ് ഏജന്റുമാരേയും ബ്ലോക്കുകളിലൂടെ നിയമിച്ചു വരുന്നു. അഭ്യസ്ത വിദ്യരായ വനിതകൾക്ക് ഉപജീവനമാർഗ്ഗവും രാഷ്ട്ര വികസനത്തിന് സാമ്പത്തികാടിത്തറയും നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വവും നൽകുന്നു. എന്നതാണ് ദേശീയ സമ്പാദ്യ പദ്ധതികളുടെ പലിശനിരക്കുകൾ താഴെ കൊടുക്കുന്നു.

	പദ്ധതിയുടെ പേര് വാർഷിക പലിശ %
പോസ്റ്റ്ഓഫീസ് സേവിംഗ് അക്കൗണ്ട്	4.00
പോസ്റ്റ് ഓഫീസ് ആവർത്തന നിക്ഷേപം	7.20
പോസ്റ്റ് ഓഫീസ് ടൈം ഡെപ്പോസിറ്റ് (കൂട്ടുപലിശ)	
ഒരു വർഷം	6.90
രണ്ട് വർഷം	6.90
മൂന്ന് വർഷം	6.90
അഞ്ച് വർഷം	7.70
ദേശീയ സമ്പാദ്യ സർട്ടിഫിക്കറ്റ് 8-ാം ഇഷ്യു	7.90
കിസാൻ വികാസ് പത്ര	7.60
മാസവരുമാന പദ്ധതി (10% ബോണസ്)	7.60
പബ്ലിക് പ്രോവിഡന്റ് ഫണ്ട് സ്കീം (കൂട്ടുപലിശ)	7.90
പെൻഷൻ നിക്ഷേപ പദ്ധതി	7.00
സുകന്യ സമൃദ്ധി യോജന	8.40

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംജിഎൻആർഇജിഎസ്)

മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമം അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങളുള്ള, ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പ്നൽകുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക പുരോഗതിയും, സാമൂഹിക സമത്വവും ഉറപ്പാക്കുക, പ്രാദേശികമായ തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുക സ്ത്രീ-പുരുഷ അസമത്വം കുറയ്ക്കുക, തുല്യ ജോലിക്ക് തുല്യവേതനം നഗരങ്ങളിലേക്കുള്ള കുടിയേറ്റം തടയുക, മണ്ണ്,ജലം , ജൈവസമ്പത്ത്, പരിസ്ഥിതി എന്നിവയുടെ സംരക്ഷണം ഉറപ്പാക്കി കാർഷികമേഖല ശക്തിപ്പെടുത്തുക, ദരിദ്രജന വിഭാഗങ്ങളുടെ ആവാസ കേന്ദ്രങ്ങളുടെ പാരിസ്ഥിതിക ശോഷണം തടയുക, തൊഴിലെടുക്കുന്നവരിൽ സംഘബോധവും, സാമൂഹിക ബോധവും വളർത്തി കൂട്ടായ്മ ഉറപ്പ്വരുത്തുക ഇടത്തട്ടുകാരുടെയും കരാറുകാരുടേയും ചൂഷണത്തിൽ നിന്ന് തൊഴിലെടുക്കുന്നവരിൽ സംഘബോധവും വളർത്തി കൂട്ടായ്മ ഉറപ്പ് വരുത്തുക, ഇടത്തട്ടുകാരുടെയും, കരാറുകാരുടെയുംചൂഷണത്തിൽ നിന്ന് തൊഴിലെടുക്കുന്നവരെ സംരക്ഷിക്കു തുടങ്ങിയവും തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. സ്ഥായിയാ ദാരിദ്ര ലഘൂകരണത്തിനുള്ള ഈ സാദ്ധ്യകളാണ് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ മുൻകാല തൊഴിൽദാന പദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കുന്നത്.

സവിശേഷതകൾ

മിനിമം കൂലി ഉറപ്പ്നൽകുന്നു. പ്രവർത്തിയുടെ ആകെ ചെലവിൽ വേതനഘടകം 60% ത്തിൽ കുറയാൻ പാടില്ല. സാധനസാമഗ്രികളും വിദഗ്ധ- അർദ്ധ വിദഗ്ധ തൊഴിലാളികളുടെ കൂലി അടക്കം 40% ത്തിൽ അധികരിക്കാൻ പാടില്ല.

വ്യവസ്ഥകളും അവകാശങ്ങളും

അവിദഗ്ദ്ധ കായികാദ്ധ്വാനം ചെയ്യാൻ സന്നദ്ധതയുള്ളവരും പഞ്ചായത്തിൽ സ്ഥിരം താമസിക്കുന്നവരുമായിരിക്കണം 18 വയസ്സ് പൂർത്തിയായിരിക്കണം. (ഉയർന്ന പ്രായപരിധിയോ, എപിഎൽ/ബിപിഎൽ വിവേചനമോ ഇല്ല) ഗ്രാമപഞ്ചായത്തിൽ രജിസ്ട്രേഷന് അപേക്ഷ 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കും. കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം. ജോലിക്ക് മുൻകൂറായും അപേക്ഷിക്കാം, അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ. തൊഴിൽ നൽകികൊണ്ടുള്ള അറിയിപ്പ് രേഖമൂലം നൽകണം. 7 ദിവസം കൂടുമ്പോൾ കൂലി, പരമാവധി 14 ദിവസത്തിനകം അല്ലെങ്കിൽ 1936 ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട് പ്രകാരം നഷ്ടപരിഹാരം. ആകെ തൊഴിലിന്റെ 1/3 സ്ത്രീകൾക്ക് കുടുംബത്തിന് പരമാവധി 100 ദിവസം തൊഴിൽ. 5 കിലോമീറ്ററിനുള്ളിൽ ജോലി അല്ലെങ്കിൽ 10% അധിക കൂലി. കുടിക്കാനുള്ള വെള്ളം വിശ്രമ സൗകര്യം പ്രഥമ ശുശ്രൂഷ സൗകര്യം എന്നിവ പണിയിടങ്ങളിൽ ഉണ്ടായിരിക്കണം. പരുക്ക് പറ്റിയാൽ സൗജന്യ ചികിത്സ. അപകടമരണം/സ്ഥിര അംഗവൈകല്യത്തിന് നഷ്ടപരിഹാരം. തൊഴിലാളികളുടെ 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പരിപാലന സൗകര്യം (കുറഞ്ഞത് 5 പേർ) കുട്ടിക്ക് തൊഴിൽ സ്ഥലത്തുവെച്ച് അപകടം പറ്റിയാൽ സൗജന്യ ചികിത്സ.

ഏറ്റെടുക്കേണ്ട പ്രവർത്തികളുടെ മുൻഗണനാ ക്രമം

1. ജലസംരക്ഷണവും മഴക്കൊയ്ത്തും 2. വനസംരക്ഷണവും, മരംവച്ചുപിടിക്കലും അതുവഴി വരൾച്ച തടയലും 2 ജലസേചന തോടുകൾ ഉൾപ്പെടെയുള്ള ജലസേചന പദ്ധതികൾ 4 പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ ഭൂപരിഷ്കരണത്തിലൂടെ ഭൂമി ലഭിച്ചവർ. ഐ.എ.വൈ ഗുണഭോക്താക്കൾ 5 ഏക്കർ വരെ ഭൂമിയുള്ള ചെറുകിട പരിമിത കർഷകർ എന്നിവരുടെ ജലസേചന സൗകര്യം ഫോർട്ടികൾച്ചർ പ്ലാന്റേഷൻ മറ്റു ഭൂവികസന പരിപാടികൾ 5. കുളങ്ങൾ വൃത്തിയാക്കൽ മുതലായവ പരമ്പരാഗത ജനസ്രോതസുകളുടെ പുനർനിർമ്മാണം 6. ഭൂവികസനം 7 വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള വെള്ളപ്പൊക്കനിയന്ത്രണ പ്രവർത്തനങ്ങളും മറ്റു സംരക്ഷണ പ്രവർത്തനങ്ങളും 8 ഗ്രാമങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഏതു കാലാവസ്ഥയിലും ഉപയോഗയോഗ്യമായ റോഡുകളുടെ നിർമ്മാണം (ആകെ ചെലവിന്റെ 10% അധികരിക്കാൻ പാടില്ല. 9 ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിലെ പശ്ചാത്തല സൗകര്യ വികസനത്തിനായി യഥാക്രമം 25 ലക്ഷം ,10 ലക്ഷം രൂപ വീതം ചെലവഴിച്ചുള്ള ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവ കേന്ദ്രം നിർമ്മാണം 10 സംസ്ഥാന സർക്കാരുകളുമായുള്ള കൂടിയാലോചനയ്ക്കുള്ള ശേഷം കേന്ദ്രം ഗവൺമെന്റ് വിജ്ഞാപനം ചെയ്ത മറ്റ് ഏത് ജോലിയും.

സോഷ്യൽ ഓഡിറ്റ്

സുതാര്യത ഉറപ്പ്വരുത്തുന്നതിനും ഏറ്റവും നിർണ്ണായകമായ ഘടകമാണ് സോഷ്യൽ ഓഡിറ്റ്. വികസനപ്രവർത്തനത്തിന്റെ ഗുണനിലവാരം, സമയബന്ധിതമായ നിർവ്വഹണം, ഗുണഭോക്തൃ പ്രദേശത്തിന്റെയും ഗുണഭോക്താക്കളുടേയും നീതിയുക്തമായ തെരഞ്ഞെടുപ്പ് എന്നിവ ഉറപ്പാക്കി മികച്ച ഫലപ്രാപ്തി കൈവരിക്കാൻ സഹായകമായ ഏറ്റവും പ്രധാനപ്പെട്ട ഒരു ഉപാധിയാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് നിയമത്തിന്റെ 17-ാം വകുപ്പ് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിൽ ഗ്രാമസഭയ്ക്കുള്ള ഉത്തരവാദിത്വം വിശദമാക്കിയിട്ടുണ്ട്. ഗ്രാമസഭയാണ് നിയമാനുസൃതമായ സോഷ്യൽ ഓഡിറ്റ് ഫോറം. വാർഡുതലത്തിലുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് കരട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഗ്രാമസഭ ഒരു സോഷ്യൽ ഓഡിറ്റ് ടീമിനെഗ്രാമസഭ തെരഞ്ഞെടുക്കേണ്ടതാണ്. ടീമംഗങ്ങളിൽ 50% എങ്കിലും വനിതകളായിരിക്കണം. തൊഴിലുറപ്പ്പദ്ധതിയിലെ മസ്റ്റർ റോൾ, വർക്ക് ബിൽ, വൗച്ചറുകൾ, മെഷർമെന്റ് ബുക്കുകൾ,ഭരണാനുമതി എന്നിവ ഉൾപ്പെടെയുള്ള എല്ലാ രേഖകളും ഗ്രാമസഭയിൽ ഹാജരാക്കാൻ ഗ്രാമപഞ്ചായത്ത് നിയമാനുസൃതം ബാധ്യസ്ഥമാണ് .തൊഴിലുറപ്പ് നിയമ പ്രകാരം ഗ്രാമ സഭകൾ പ്രതിവർഷം 2 പ്രാവശ്യം എല്ലാ വാർഡിലും സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കേണ്ടതാണ്. 2010 നവംബർ മാസം മുതൽ കേരളത്തിലെ എല്ലാ ജില്ലകളും പരീക്ഷണാടിസ്ഥാനത്തിൽ ഓരോ പഞ്ചാ

ത്തുകളിൽ വീതം സോഷ്യൽ ഓഡിറ്റ് പുതിയ രീതിശാസ്ത്രമനുസരിച്ച് നടപ്പിലാക്കും. ഇതിൽ നിന്നുള്ള പാഠം ഉൾക്കൊണ്ടുകൊണ്ട് 2011 മുതൽ കേരളത്തിൽ വ്യാപകമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതാണ്.

ജില്ലാ- ബ്ലോക്ക്- ഗ്രാമപഞ്ചായത്ത് തലങ്ങളിലായി നടക്കുന്ന ഈ പദ്ധതി നിർവ്വഹണത്തിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ കാര്യാലയം ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിപ്പിക്കുന്നു.

ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കി സമർപ്പിക്കുന്ന വാർഷിക കർമ്മപദ്ധതി സൂക്ഷ്മ പരിശോധനനടത്തി ബ്ലോക്ക് പഞ്ചായത്ത് സമിതി അംഗീകാരത്തോടെ ജില്ല പ്രോഗ്രാം കോ- ഓർഡിനേറ്റർക്ക് സമർപ്പിക്കുക. അംഗീകാരം ലഭിച്ച വാർഷിക കർമ്മപദ്ധതികൾ ഉൾപ്പെട്ട പ്രവർത്തികൾക്ക് ആവശ്യമായ മസ്റ്റർറോൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പ്രകാരം അനുവദിക്കുക പ്രവർത്തികളുടെ മോണിട്ടറിംഗ് നടത്തുക,ബ്ലോക്ക്തല പരാതി പരിഹാര ഓഫീസറായി പ്രവർത്തിക്കുക, ഗ്രാമപഞ്ചായത്തുകൾ ആവശ്യമായ ഫണ്ട് ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററിൽ നിന്നും ലഭ്യമാക്കുക, ഗ്രാമപഞ്ചായത്തുകളുടെ ഫണ്ട് വിനിയോഗ സാക്ഷ്യപത്രങ്ങൾ സമാഹരിച്ച് സമർപ്പിക്കുക. എന്നിവ ബ്ലോക്ക് പ്രോഗ്രം ഓഫീസറുടെ ചുമതലകളാണ്. ബ്ലോക്ക് പ്രോഗ്രാം ഓഫീസറെ സഹായിക്കുന്നതിനായി ജോയിന്റ് ബിഡിഒ (ഇജിഎസ്) കരാർ അടിസ്ഥാനത്തിൽ നിയമിതരായ അക്രഡിറ്റഡ് എഞ്ചിനിയർ/ഓവർസിയർ അക്കൗണ്ടന്റ് കം- ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ സേവനം ലഭ്യമാണ്.

ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ്, കോയിപ്രം

ക്രമ. നം.	സേവനങ്ങളുടെ വിവരം	നിബന്ധനകൾ	അപേക്ഷിക്കേണ്ട രീതി	അടയ്ക്കേണ്ട ഫീസ്	സേവനം ലഭ്യമാകുന്ന സമയപരിധി
01	ബിപിഎൽ സർട്ടിഫിക്കറ്റ്	ബിപിഎൽ കുടുംബമായിരിക്കണം ബിപിഎൽ സർട്ടിഫിക്കറ്റ് ഏത് ഓഫീസിൽ ഹാജരാക്കാനാണെന്ന് അപേക്ഷയിൽ സൂചിപ്പിച്ചിരിക്കണം	വെള്ള പേപ്പറിൽ അപേക്ഷ ബന്ധപ്പെട്ട വിഇഒ യുടെ റിപ്പോർട്ട് കൂടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകുക	ഇല്ല	അതത് ദിവസം
02	സ്വയം സഹായ സംഘം രജിസ്ട്രേഷൻ	സ്വർണ്ണ ജയന്തി ഗ്രാമസ്വ റോസ്കാർ യോജന (എസ്ജിഎസ് വൈ)എസ്ജിഎസ് വൈ) മാനദണ്ഡമനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘമായിരിക്കണം (കൂടുതൽ വിവരങ്ങൾക്ക് അനുബന്ധം 1 കാണുക	മിനിട്സ് ബുക്ക് , ബാങ്ക് പാസ്സ് ബുക്ക് സംഘ തീരുമാനം എന്നിവ ചേർത്ത് അപേക്ഷ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം	ഇല്ല	അതത് ദിവസം
03	സ്വയം സഹായസംഘം ഗ്രേഡിംഗ്	സംഘം രജിസ്റ്റർ ചെയ്ത് 6 മാസത്തിനു ശേഷം സംഘം രേഖ സമർപ്പിക്കുന്ന മുറയ്ക്ക്	വെള്ളകടലാസിൽ എഴുതിയ അപേക്ഷ മിനിട്സ് ബുക്ക്, അക്കൗണ്ട് ബുക്ക് വ്യക്തിഗത പാസ് ബുക്ക് വരവ് ചെലവു കണക്കുകൾ സംഘ തീരുമാനം, സംഘത്തിന്റെ പാസ്സ് ബുക്ക് എന്നിവയോടൊപ്പം വെള്ളക്കടലാസിൽ സംഘം സെക്രട്ടറിയെയും പ്രസിഡന്റും നൽകുന്ന സംയുക്ത അപേക്ഷ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകണം	ഇല്ല	അപേക്ഷ സമർപ്പിച്ച 30 ദിവസത്തിനകം
04	സ്വയം സഹായ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് (ആർഎഫ്) നൽകൽ	ഒന്നാം ഗ്രേഡ് പാസ്സായ അർഹതയുള്ള സംഘമായിരിക്കണം	വെള്ളകടലാസിൽ തയ്യാറാക്കിയ അപേക്ഷ ഗ്രേഡിംഗ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്, പാസ്സ് ബുക്കിന്റെ പകർപ്പ്, മിനിട്സിന്റെ പകർപ്പ്, വായ്പ അനുവദിച്ചുകൊണ്ട് ബാങ്കിന്റെ കത്ത്, സംഘത്തിന്റെ പ്രസിഡന്റിന്റെ പേരിൽ വാങ്ങിയ 100 രൂപ മുദ്രപത്രം,വിഇഒ/ എൽവിഇ സാക്ഷ്യപത്രം സഹിതം ബ്ലോക്ക് സെക്രട്ടറിക്ക് സമർപ്പിക്കുക	ഇല്ല	ഫണ്ട് ലഭിച്ച് 30 ദിവസത്തിനകം
05	സ്വയം സഹായസംഘങ്ങൾക്ക് പരിശീലനം എ. അടിസ്ഥാന അവബോധ പരിശീലനം	രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന തെരഞ്ഞെടുക്കപ്പെടുന്ന ഒന്നാം ഗ്രേഡിംഗ് കഴിഞ്ഞ സ്വയം സഹായ സംഘങ്ങൾക്ക്	ബന്ധപ്പെട്ട വിഇഒ/എൽവിഇ മുഖേന ബ്ലോക്ക് സെക്രട്ടറിക്ക് വെള്ള കടലാസിൽ അപേക്ഷ നൽകുക	ഇല്ല	ഫണ്ട് ലഭിച്ച് 30 ദിവസത്തിനകം
	ബി. തൊഴിൽ വൈദഗ്ദ്ധ്യ വികസന പരിശീലനങ്ങൾ (അനുബന്ധം (2) കാണുക	എസ്.ജി.എസ്.വൈ അനുകൂലത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന സംഘമായിരിക്കണം ഒന്നാം ഗ്രേഡ് കഴിഞ്ഞ് റിവോൾവിംഗ് ഫണ്ട് സ്വീകരിച്ച് പ്രവർത്തനക്ഷമമായ സംഘമായിരിക്കണം	ബന്ധപ്പെട്ട വിഇഒ/എൽവിഇ മുഖേന ബ്ലോക്ക് സെക്രട്ടറിക്ക് വെള്ള കടലാസിൽ അപേക്ഷ നൽകുക	ഇല്ല	അപേക്ഷിച്ച് ലഭിച്ച് 30 ദിവസത്തിനകം

ക്രമ. നം	സേവനങ്ങളുടെ വിവരം	നിബന്ധനകൾ	അപേക്ഷിക്കേണ്ട രീതി	അടയ്ക്കേണ്ട ഫീസ്	സേവനം ലഭ്യമാകുന്ന സമയപരിധി
06	എസ്‌ജിഎസ്‌വൈ ധനസഹായം (സ്വയം സഹായസംഘങ്ങൾക്ക്)	റിവോൾവിംഗ് ഫണ്ട് എടുത്ത് പ്രവർത്തനക്ഷമമായ സംഘമായിരിക്കണം. രണ്ടാം ഗ്രേഡിംഗ് കഴിഞ്ഞിരിക്കണം. പരമാവധി 12500 രൂപ സബ്സിഡിയുടെ മിനിമം നാലിരട്ടി വായ്പ എടുത്ത് പ്രവർത്തനം നടത്തുന്നതിന് ശേഷിയുള്ളവയായിരിക്കണം	എസ്‌ജിഎസ്‌വൈ മാനദണ്ഡങ്ങൾ അനുസരിച്ച് നൽകുന്ന നിർദ്ദിഷ്ട ഫോറത്തിൽ	ഇല്ല	
07	അവബോധനപരിപാടികൾ (വ്യക്തിശുചിത്വം, പരിസര ശുചിത്വം കക്കൂസ് നിർമ്മാണം, സംരക്ഷണം, മാലിന്യസംസ്കരണം, രോഗ പ്രതിരോധം	ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരിപാടികൾ സംഘടിപ്പിക്കും	വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക	ഇല്ല	ഫണ്ട് ലഭിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്
08	ശിശു സൗഹൃദ ടോയ്‌ലറ്റ് അങ്കണവാടികൾക്ക് നൽകുന്നു.		ജില്ലാ സാനിട്ടേഷൻ സമിതിക്ക് സിഡിപിഒ മുഖേന അങ്കണവാടി ക്ഷേമസമിതി അപേക്ഷ സമർപ്പിക്കണം	ഇല്ല	ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ 50 ശതമാനം മുൻകൂറായി നൽകുന്നു.
09	<u>ആർഐഡിഎഫ്</u> ബ്ലോക്ക് പഞ്ചായത്തുകൾ നിർദ്ദേശിക്കുന്ന റോഡുകൾ,ഗോഡൗണുകൾ മാർക്കറ്റിംഗ് മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം	ഈ പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് 8 മീറ്റർ വീതി ഉറപ്പ് വരുത്തണം ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കണം പദ്ധതികൾക്കാവശ്യമായ പണത്തിന്റെ 20% പഞ്ചായത്തുകൾ പദ്ധതി വിഹിതത്തിന്റെ ജനറൽ സെക്ടറിലെ നോർമൽ വിഹിതത്തിൽ നിന്നും നൽകണം അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് ഭരണാനുമതി നൽകുകയും ബന്ധപ്പെട്ട സമിതിയുടെ സാങ്കേതികാനുമതി യോടുകൂടി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ച് പണി നടത്തുകയും ചെയ്യുന്നു.	ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടുകൾ ജില്ലാ പഞ്ചായത്ത് വഴി ഗ്രാമവികസന കമ്മീഷണർക്ക് സമർപ്പിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് ധനകാര്യവകുപ്പ് വഴി പദ്ധതി നബാർഡിൽ എത്തിക്കുന്നു	ഇല്ല	
10	വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പണികൾ (കാലവർഷക്കെടുതിയിൽ നാശം സംഭവിച്ച റോഡുകൾ, കലുങ്കുകൾ തോടുകൾ,മണ്ണുസംരക്ഷണം, കെട്ടിടങ്ങൾ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തികൾ	ഈ പദ്ധതി പ്രകാരം 3.5 മീറ്റർ കൂടുതൽ വീതിയുള്ള റോഡുകൾ ഏറ്റെടുക്കാവുന്നതാണ്. ഏറ്റെടുത്ത പ്രവൃത്തികൾ കാലവർഷക്കെടുതികൾ നാശനഷ്ടം സംഭവിച്ചതായിരിക്കണം. പണികൾ നടത്തുവാൻ വേണ്ടി അഡ്വാൻസ് ലഭിക്കുന്നതല്ല. ഗുണമേന്മ കമ്മറ്റികൾ രൂപീകരിക്കണം പണി പൂർത്തിയാക്കുന്ന മുറയ്ക്ക് മുൻഗണനാക്രമമനുസരിച്ച് പണം മാറി നൽകുന്നു.	മണ്ഡലത്തിലെ ജന പ്രതിനിധികൾ സമർപ്പിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിൽ നിന്നും ഭരണാനുമതി ലഭിക്കുന്നു. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ കളക്ടറുടെ അനുമതി നൽകുന്നു. ജില്ലാ കളക്ടറുടെ അനുമതി ലഭിച്ച പണികൾക്ക് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ സാങ്കേതികാനുമതി വാങ്ങുന്നു		പ്രോജക്ടിൽ നിർദ്ദേശിക്കുന്ന കാലാവധി

ക്രമ. നം	സേവനങ്ങളുടെ വിവരം	നിബന്ധനകൾ	അപേക്ഷിക്കേണ്ട രീതി	അടയ്ക്കേണ്ട ഫീസ്	സേവനം ലഭ്യമാകുന്ന സമയപരിധി
11	വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പണികൾ/കാലവർഷക്കെടുതിയിൽ നാശം സംഭവിച്ച റോഡുകൾ, കലുങ്കുകൾ തോടുകൾ,മണ്ണുസംരക്ഷണം,കെട്ടിടങ്ങൾ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തികൾ	ഈ പദ്ധതി പ്രകാരം 3.5 മീറ്റർ കൂടുതൽ വീതിയുള്ള റോഡുകൾ ഏറ്റെടുക്കാവുന്നതാണ്. ഏറ്റെടുത്ത പ്രവൃത്തികൾ കാലവർഷക്കെടുതികൾ നാശനഷ്ടം സംഭവിച്ചതായിരിക്കണം. പണികൾ നടത്തുവാൻ വേണ്ടി അഡ്വാൻസ് ലഭിക്കുന്നതല്ല. ഗുണഭോക്തൃ കമ്മറ്റികൾ രൂപീകരിക്കണം. പണി പൂർത്തിയാക്കുന്ന മുറയ്ക്ക് മുൻഗണനാക്രമമനുസരിച്ച് പണം മാറി നൽകുന്നു.	മണ്ഡലത്തിലെ ജനപ്രതിനിധികൾ സമർപ്പിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിൽ നിന്നും ഭരണാനുമതി ലഭിക്കുന്നു. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ കളക്ടറുടെ അനുമതി നൽകുന്നു. ജില്ലാ കളക്ടറുടെ അനുമതി ലഭിച്ച പണികൾക്ക് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ സാങ്കേതികാനുമതി വാങ്ങുന്നു		പ്രോജക്ടിൽ നിർദ്ദേശിക്കുന്ന കാലാവധി
12	ദേശീയ സമ്പാദ്യ പദ്ധതി എസ്എഎസ് ഏജന്റുമാരുടെ നിയമനം	എസ്എസ്എൽസി പാസ്സായി 18 വയസ്സു പൂർത്തിയാ സ്ത്രീ പുരുഷന്മാർക്ക് അപേക്ഷിക്കാം	വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകണം	5000 സെക്യൂരിറ്റി ഫീസ്	പോസ്റ്റൽ ഡിപ്പാർട്ട്മെന്റിനന്റെ അനുമതിക്ക് ശേഷം
13	ദേശീയ സമ്പാദ്യപദ്ധതി എംപികെബിവൈ ഏജന്റുമാരുടെ നിയമനം	സ്ത്രീകൾക്ക് മാത്രം അപേക്ഷിക്കാം എസ്എസ്എൽസി പാസ്സായ 18 വയസ്സ് പൂർത്തിയായ 55 വയസ്സ് കവിയാത്ത സേവനമനോഭാവമുള്ളതായിരിക്കണം	വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകണം	1000 രൂപ സെക്യൂരിറ്റി ഫീസ്	പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ ലഭിച്ചശേഷം

കൃഷി അസിസ്റ്റന്റ് ഡയറക്ടർ

01	കാർഷിക വികസന പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, അവലോകനം നേരിട്ട് കൃഷിയിടങ്ങൾ വിലയിരുത്തൽ, പദ്ധതിയ്ക്ക് വേണ്ടി അനുവദിക്കുന്ന തുക മാറി നൽകുക എന്നിവ	ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൃഷി ഭവനുകൾ പദ്ധതി സംബന്ധിച്ച റിപ്പോർട്ട് പദ്ധതി പൂർത്തീകരണം സംബന്ധിച്ച രേഖകൾ എന്നിവ മാത്രം	കരം അടച്ച രസീത്, ആധാർ, അപേക്ഷാഫോറം		ഇല്ല
02	കാർഷിക വികസന പദ്ധതികളുടെ പ്രോജക്ടുകൾ സംബന്ധിച്ചുള്ള സാങ്കേതിക ഉപദേശങ്ങൾ നൽകുക	പ്രോജക്ടുകളുടെ രൂപരേഖ തയ്യാറാക്കി നൽകേണ്ടതാണ്. ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കാൻ സന്നദ്ധമാണെന്ന സമ്മതപത്രം	പ്രോജക്ടിന്റെ 1 പകർപ്പ് നൽകേണ്ടതാണ്. കൃഷി ഓഫീസറുടെ ശുപാർശ	1-2 മാസം	ഇല്ല

പൗരാവകാശരേഖ

ക്രമ. നം	സേവനങ്ങളുടെ വിവരം	നിബന്ധനകൾ	അപേക്ഷിക്കേണ്ട രീതി	അടയ്ക്കേണ്ട ഫീസ്	സേവനം ലഭ്യമാകുന്ന സമയപരിധി
03	പ്രകൃതി ക്ഷോഭം മൂലം വിളനാശം സംഭവിച്ച കൃഷിയിടങ്ങളിലെ നാശനഷ്ടത്തിന്റെ കണക്ക് നൽകുക	കൃഷി ഓഫീസർ 24 മണിക്കൂറിനകം ആദ്യ റിപ്പോർട്ട് നൽകണം	സ്റ്റേറ്റ്മെന്റ് തയ്യാറാക്കി നൽകണം	10 ദിവസം	ഇല്ല
04	വിള ഇൻഷുറൻസ് പദ്ധതിയിൽ നാശനഷ്ടം സംഭവിച്ച കൃഷിയിടങ്ങളിൽ സന്ദർശിച്ച് അനുകൂല്യത്തിന് ശുപാർശ ചെയ്യുക	സ്റ്റേറ്റ്മെന്റുകൾ കൃഷിഭവനുകളിൽ നിന്നും കിട്ടുന്ന മുറയ്ക്ക്	സ്റ്റേറ്റ്മെന്റ് തയ്യാറാക്കി അന്നേദിവസം 15 ദിവസം	ഇല്ല	ഇല്ല
05	വിള ഇൻഷുറൻസ് പ്രകൃതി ക്ഷോഭം എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് ആനുകൂല്യത്തിന് ശുപാർശ ചെയ്യുക	സ്റ്റേറ്റ്മെന്റുകൾ കൃഷിഭവനുകളിൽ നിന്നും കിട്ടുന്ന മുറയ്ക്ക്	സ്റ്റേറ്റ്മെന്റ് തയ്യാറാക്കി അന്നേദിവസം 15 ദിവസം	അന്നേ ദിവസം	
06	വിള ഇൻഷുറൻസ് പോളിസി ലഭിക്കുന്നതിനുള്ള സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ശുപാർശ ചെയ്യുക	സ്റ്റേറ്റ്മെന്റുകൾ കൃഷിഭവനുകളിൽ നിന്നും കിട്ടുന്ന മുറയ്ക്ക്	സ്റ്റേറ്റ്മെന്റ് നൽകണം - പ്രീമിയം തുക അടച്ച് 7 ദിവസത്തിനുശേഷം മുതൽ ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾക്ക് മാത്രമേ നഷ്ടപരിഹാരം നൽകുകയുള്ളൂ	20 ദിവസം	
07	രാസവളം, കീടനാശിനികൾ, നടീൽ വസ്തുക്കൾ എന്നിവ വിൽക്കുന്നതിന് ആവശ്യമായ ലൈസൻസ് ലഭിക്കുന്നതിന് ശുപാർശ ചെയ്യുക	പഞ്ചായത്ത് പ്രദേശത്ത് നിന്ന് കൃഷി ഓഫീസർ മുഖേന അപേക്ഷ നൽകണം	രാസവളം ലൈസൻസ് പുതിയത്/ പുതുക്കുന്നത് ഫോറം എ 1 രണ്ട് പകർപ്പ് ഫോറം എ 1 രണ്ട് പകർപ്പ് ഫോറം മൂന്ന് പകർപ്പ് കീടനാശിനി പുതിയ ലൈസൻസ് ഫോം 6 (പുതുക്കുന്നതിന് 7 ഫോറം കൃഷി ആഫീസറുടെ സമ്മതപത്രം ഉടമയുടെ സമ്മതപത്രം ഉടമസ്ഥാവകാശം, തദ്ദേശഭരണ സ്ഥാപനത്തിന്റെ സമ്മതപത്രം, നടീൽ വസ്തുക്കൾ ലൈസൻസ്, നിശ്ചിത ഫോറത്തിൽ നൽകണം		300/- ജില്ലാ വ്യാപാരം 38/- രാസവളം ചില്ലറ വ്യാപാരം 300/- കീടനാശിനി ചില്ലറ വ്യാപാരം
08	ആഗ്രോ ക്ലിനിക്കുകൾ സന്ദർശിച്ച് സാങ്കേതിക ഉപദേശങ്ങൾ	കൃഷി ഭവനുകളിലെ നിശ്ചിത സന്ദർശ ഷെഡ്യൂളിൽ നിന്നും അപ്രതീക്ഷിതമായി തെരഞ്ഞെടുക്കുന്ന ക്ലിനിക്		7 ദിവസം	
09	ഓരോ വിളകൾക്കും മാതൃക പ്രദർശന തോട്ടങ്ങൾക്ക് ആവശ്യമായ ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുക	അവശ്യങ്ങൾ അപേക്ഷ രൂപത്തിൽ അറിയിക്കേണ്ടതാണ്	വെള്ള പേപ്പറിൽ അപേക്ഷിക്കേണ്ടതാണ്	7 ദിവസം	ഇല്ല

പൗരാവകാശരേഖ

ക്രമ. നം	സേവനങ്ങളുടെ വിവരം	നിബന്ധനകൾ	അപേക്ഷിക്കേണ്ട രീതി	അടയ്ക്കേണ്ട ഫീസ്	സേവനം ലഭ്യമാകുന്ന സമയപരിധി
10	മണ്ണ് സാമ്പിളുകൾ ശേഖരിക്കുന്നത് സംബന്ധിച്ച ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക	അപേക്ഷ രൂപത്തിൽ ആവശ്യപ്പെടണം	വെള്ള പേപ്പറിൽ അപേക്ഷിക്കേണ്ടതാണ്	7 ദിവസം	ഇല്ല
11	വിവിധ കാർഷിക പദ്ധതികളെ സംബന്ധിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക	ഏത് വിളകളെ കുറിച്ചെന്നും ഏത് വിഭാഗത്തെ സംബന്ധിച്ചെന്നും അറിയിക്കണം	വെള്ളപേപ്പറിൽ അപേക്ഷ നൽകണം	7 ദിവസം	ഇല്ല
12	ജില്ലാ തല ബ്ലോക്ക്തല സെമിനാറുകൾ ചർച്ചാ ക്ലാസ്സ് ബോധവൽക്കരണ യജ്ഞം എന്നിവ സംഘടിപ്പിക്കുക	പദ്ധതി പ്രകാരം അനുവദിച്ച വരുന്ന മുറയ്ക്ക്	വെള്ളപേപ്പറിൽ അപേക്ഷ നൽകണം	7 ദിവസം	ഇല്ല
13	വാട്ടർ ഷെഡ് പദ്ധതി പ്രദേശത്തെ സ്വാശ്രയ സംഘങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നൽകുക	സംഘങ്ങൾ വാട്ടർഷെഡ് ആഫീസിൽ രജിസ്റ്റർ ചെയ്തിരിക്കണം. സംരംഭങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കണം	വെള്ളപേപ്പറിൽ അപേക്ഷിക്കേണ്ടതാണ്	അന്നേ ദിവസം	ഇല്ല
14	കാർഷിക വായ്പ ലഭിക്കുന്നതിന് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം നൽകുക	ഏത് വിളയ്ക്കാണെന്നും എന്തിനു വേണ്ടിയാണെന്നും വ്യക്തമാക്കണം മറ്റ് വായ്പ സംബന്ധിച്ച വിവരവും നൽകണം	വെള്ളപേപ്പറിൽ അപേക്ഷിക്കേണ്ടതാണ്		
15	സസ്യ സംരക്ഷണ ഉപകരണങ്ങളുടെ പ്രവൃത്തനക്ഷമത ഉറപ്പുവരുത്തുക	ഉപകരണങ്ങൾ കൃഷിഭവനിലെ കൃഷിഭവനിലോ ആഗ്രോക്ലിനിക് ആഫീസിലോ എത്തിക്കേണ്ടതാണ്. സ്പെയർ പാർട്സ് ഗുണഭോക്താവ് വാങ്ങി നൽകേണ്ടതാണ്	വെള്ള പേപ്പറിൽ അപേക്ഷ നൽകണം	അന്നേ ദിവസം	
16	ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന കാർഷിക വികസന പദ്ധതികളുടെ നടത്തിപ്പ് മേൽനോട്ടം ആനുകൂല്യം മാറി നൽകുക എന്നിവ ലഭിക്കേണ്ടതാണ്	പദ്ധതി നടത്തിപ്പ് സംബന്ധിച്ച റിപ്പോർട്ട് പൂർത്തീകരണം സംബന്ധിച്ച രേഖകൾ എന്നിവ കൃഷിഭവനിൽ നിന്നും	ബന്ധപ്പെട്ട സ്റ്റേറ്റുമെന്റുകൾ കൃഷി ആഫീസർ നൽകണം		
17	വിവിധ വിളകൾ കൃഷി ചെയ്യുന്നതിന് ധന സഹായം	അതത് കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കുക.	നിർദ്ദിഷ്ട ഫോറത്തിൽ അനുബന്ധ രേഖകൾ സഹിതം അപേക്ഷ നൽകുക	ഇല്ല	3 മാസം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (എൽഎസ്ജിഡി)

1	ചെക്ക് മെഷർമെന്റും ബില്ല് പാസ്സാക്കലും	പുനർവിന്യാസിക്കപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഗ്രാമ ജില്ലാ പഞ്ചായത്തുകളിൽ നിക്ഷിപ്തമായ, റോഡ്,പാലം കെട്ടിടങ്ങൾ എന്നിവയുടെ സൂപ്പർവിഷനും, അസിസ്റ്റന്റ് എഞ്ചിയറാൽ ഏറ്റെടുക്കുന്ന വർക്കുകളുടെ ചെക്ക് മെഷർമെന്റും ബില്ലുകളുടെ പാസ്സാക്കലും സാങ്കേതികാനുമതി 15 ലക്ഷം രൂപയുടെ പ്രവൃത്തി	അസിസ്റ്റന്റ് എഞ്ചിനിയറുടെ കീഴിൽ പഞ്ചായത്തുകളിലായി എഞ്ചിനിയർമാരും അവർക്ക് പ്രത്യേകമായി ഓഫീസ് സംവിധാനങ്ങളും നിലവിലുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറെ സഹായിക്കാനായി ബ്ലോക്ക് പഞ്ചായത്തിൽ ഓവർസിയർ എന്നിവരുടെ സേവനം എപ്പോഴും ലഭ്യമാണ്	പിഡബ്ല്യുഡി മാനുവൽ അനുസരിച്ച് ഓരോ അടങ്കൽ തുകയ്ക്ക് ആയതിന്റെ സ്വഭാവരീതി അനുസരിച്ച് പണി പൂർത്തിയാക്കേണ്ട സമയം പ്രത്യേകം നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. അത് ഓരോ ടെണ്ടർ നിർദ്ദേശങ്ങളിലും സ്വീകരിക്കാറുണ്ട് എന്നാൽ കാലാവസ്ഥയാലും സാധനങ്ങളുടെ ദൗർലഭ്യം കൊണ്ടും എഗ്രിമെന്റ് കാലാവധി പൂർത്തിയാക്കാൻ കഴിയുന്നില്ല. ആയതിന് ഒരു ഫോർമാറ്റിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെയും റിമാർക്കോടു കൂടി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ നിശ്ചയിക്കപ്പെട്ട പരിധിയ്ക്ക് അനുസരിച്ച് ബില്ലിനോടൊപ്പം സമർപ്പിക്കാറുണ്ട്.
2	സർക്കാർ-സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (ഹൈസ്കൂൾ തലം വരെ) പുതിയ കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്	പെർമനന്റ് കെട്ടിടങ്ങളും സെമി പെർമനന്റ് കെട്ടിടങ്ങളും ഓല മേഞ്ഞ കെട്ടിടങ്ങളും പൂർണ്ണ സുരക്ഷിതത്വത്തിൽ പഠിക്കാൻ കഴിയുന്നതാണോ എന്നുള്ള സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കപ്പെടുന്നു.	സർക്കാർ/പഞ്ചായത്ത് മാനുവലിന് വിധേയമായി നിർവ്വഹിക്കപ്പെടുന്നു.	
3	മരാമത്ത് (പദ്ധതി തുക) ഉത്പാദന, സേവന പശ്ചാത്തല മേഖലകളിലുള്ള നിർമ്മാണ പ്രവൃത്തനങ്ങൾ	1. റോഡുകൾ, കലുങ്കുകൾ, ചെറുകിട ജലസേചനം, മണ്ണ് സംരക്ഷണം, കുടിവെള്ളം കെട്ടിടങ്ങൾ തുടങ്ങിയ നിർമ്മാണപ്രവർത്തനങ്ങൾ 2. റോഡുകൾക്ക് 8 മീറ്റർ വീതി സ്ഥലം സൗജന്യമായി സ്ഥലവാസികൾ വിട്ടു നൽകണം	പ്രോജക്ടുകൾക്ക് ഡിപിസി അംഗീകാരം നേടുന്നു. ടെണ്ടർ ചെയ്ത് ഗുണഭോക്തൃ കമ്മറ്റി കൺവീനർ എഗ്രിമെന്റ് വച്ച് പണി നടത്തുന്നു പണി തീർക്കുന്ന മുറയ്ക്ക് ബിൽ തയ്യാറാക്കി തുക നൽകുന്നു	ഗ്രാമപഞ്ചായത്ത്
4	ദുരന്തനിവാരണം	നാശനഷ്ടങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നു	ഗ്രാമപഞ്ചായത്ത് തല മൂല്യനിർണ്ണയത്തിൽ ചെക്ക് ചെയ്ത് തഹസീൽദാർ, ജില്ലാ കളക്ടർ എന്നിവർക്ക് കൈമാറുന്നു	അപേക്ഷ റവന്യൂ അധികാരിക്ക് കൊടുക്കണം

ക്ഷീരവികസന ഓഫീസ്, കോയിപ്രം

ക്രമ. നം	സേവനങ്ങൾ	ആവശ്യമായ നിബന്ധനകൾ	ചുമതലകൾ നിർവ്വഹിക്കേണ്ട ഉദ്യോഗസ്ഥ/ ഉദ്യോഗസ്ഥൻ	അപേക്ഷിക്കേണ്ട വിധം	ആവശ്യമായ സമയം	ഫീസ്
1	ക്ഷീരോത്പാദ സഹകരണ സംഘം രൂപീകരണം	25 വ്യത്യസ്ഥ കുടുംബങ്ങളിലെ ക്ഷീരകർഷകരുടെ അപേക്ഷ വെള്ളപേപ്പറിൽ സമർപ്പിക്കണം സാധ്യതാ പഠനം രൂപീകരണയോഗം രജിസ്ട്രേഷന് വേണ്ട നടപടികൾ ജില്ലാതല രജിസ്ട്രേഷൻ ഓഫീസ് മുഖേന	ക്ഷീരവികസന ജില്ലാതല ഓഫീസർ (ഡെപ്യൂട്ടി ഓഫീസർ)	ബ്ലോക്ക് ക്ഷീര വികസന യൂണിറ്റ് മുഖേന അപേക്ഷ സമർപ്പിക്കാം	സാധ്യതാ പഠനത്തിന് ശേഷം	ഇല്ല
2	പുൽകൃഷി വ്യാപന പദ്ധതി ഹെക്ടറിന് 12500 രൂപ സബ്സിഡി	മിനിമം 20 സെന്റ് സ്ഥലമുള്ളവരായിരിക്കണം. നിശ്ചിത ഫാറത്തിൽ അപേക്ഷി മെയ് ജൂൺ മാസത്തിൽ ഡിഇഒയ്ക്ക് നൽകണം	ക്ഷീര സഹകരണ സ്ഥലത്തിന് അപേക്ഷനൽകണം		15 ദിവസം	11 രൂപ / സെന്റ്
3	ക്ഷീര കർഷക സമ്പർക്ക പരിപാടി - പരിശീലനം (പുൽ കൃഷി വ്യാപനം ശുദ്ധമായ പാൽ ഉദ്പാദനം, ക്ഷീര ഉൽപന്ന നിർമ്മാണം	കുറഞ്ഞത് 30 ക്ഷീര കർഷകർ ഉണ്ടായിരിക്കണം ക്ഷീരോത്പാദന സംഘങ്ങൾ/ സന്നദ്ധ സംഘടനാ കേന്ദ്രങ്ങൾ മുഖേന നടത്തുന്നു. ക്ഷീര മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിക്കുന്നു.	ക്ഷീര വികസന ഓഫീസർ	ക്ഷീര സഹകരണ സ്ഥലത്തിന് അപേക്ഷ നൽകണം	എല്ലാ വർഷവും ഏപ്രിൽ - ഓഗസ്റ്റ് മാസത്തിനുള്ളിൽ	ഇല്ല
4	പാൽ ഗുണമേന്മ ബോധവത്ക്കരണം സ്ഥലത്തിന് സഹായം 7500 രൂപ	50 പേർ പങ്കെടുക്കണം ആവശ്യമായ പ്രചാരം ഡയറി മേഖലയിലെ വിദഗ്ധരും ഉപഭോക്തൃ സംഘടന പ്രതിനിധികളും	അസിസ്റ്റന്റ് ഡയറക്ടർ ക്വാളിറ്റി കൺട്രോളർ ഡിഇഒ മുഖേന		7 ദിവസം	
5	ബ്ലോക്ക് ക്ഷീര സംഗമം വർഷത്തിൽ ഒന്ന് (സഹായം 4000 രൂപ) കന്നുകാലി പ്രദർശന മത്സരം മൂന്ന് വിഭാഗം 1. കന്നുക്കുട്ടികൾ 2. കിടാരികൾ 3. കറവ പശുക്കൾ ഓരോ വിഭാഗത്തിനും മൂന്നുസമ്മാനങ്ങൾ പദർശന റാണിയെ തെരഞ്ഞെടുക്കുന്നു.	300 ക്ഷീര കർഷകരെ പങ്കെടുപ്പിക്കണം അതിഥേയ സംഘത്തെ തെരഞ്ഞെടുക്കുന്നു. കൃഷി, മൃഗസംരക്ഷണ വകുപ്പുകൾ, മിൽമ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം സംഘാടക സമിതി രൂപീകരണം	ഡയറി എക്സ്റ്റൻഷൻ ഓഫീസർ		45 ദിവസം	
6	ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണം	ബ്ലോക്ക് പഞ്ചായത്ത് ക്ഷീര മേഖലയിൽ എടുക്കുന്ന പ്രോജക്ടുകൾ ആയിരിക്കണം	ഡയറി എക്സ്റ്റൻഷൻ ഓഫീസർ (ഡിഇഒ)		ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ	

സാമൂഹികാരോഗ്യ കേന്ദ്രം - എഴുമറ്റൂർ, കാഞ്ഞീറ്റുകര

ക്രമ. നം	സേവനങ്ങൾ	നിർവ്വഹിക്കുന്നതിന് ആവശ്യമായ ജോലി ഘടകങ്ങൾ	ആവശ്യമായ നിബന്ധനകൾ	ചുമതലകൾ നിർവ്വഹിക്കേണ്ട ഉദ്യോഗസ്ഥൻ	ഫീസ്	ആവശ്യമായ സമയം / പ്രവർത്തന സമയം
1	പുറം രോഗികൾക്ക് (ഔട്ട് പേഷ്യന്റ്) ചികിത്സ	രജിസ്റ്ററിൽ പേര് ചേർത്ത് ഒ.പി ടിക്കറ്റ് വാങ്ങണം	രോഗി ആശുപത്രിയിൽ വരേണ്ടതാണ്	ചീഫ് മെഡിക്കൽ ഓഫീസർ/മെഡിക്കൽ ഓഫീസർ	ഒരു രൂപ	9.00 എ.എം 1.00 പി.എം
2	പുറം രോഗികൾക്ക് മരുന്ന് വിതരണം	മെഡിക്കൽ ഓഫീസറുടെ കുറിപ്പടി	മെഡിക്കൽ ഓഫീസറുടെ നിർദ്ദേശാനുസരണം മരുന്ന് നൽകുന്നു.	ഫാർമസിസ്റ്റ്	ഇല്ല	9.00 എ.എം 1.00 പി.എം
3	കിടപ്പ് രോഗികൾക്ക് (ഇൻ പേഷ്യന്റ്) ചികിത്സ	രജിസ്റ്ററിൽ പേര് ചേർത്ത് ഒ.പി ടിക്കറ്റുമായി മെഡിക്കൽ ഓഫീസറെ സമീപിച്ച് രോഗ വിവരരേഖ തയ്യാറാക്കൽ	സഹായി വേണ്ടതാണ് സമ്മതപത്രം വേണ്ടതാണ്	ചീഫ് മെഡിക്കൽ ഓഫീസർ/മെഡിക്കൽ ഓഫീസർ	ഒരു രൂപ	മെഡിക്കൽ ഓഫീസർ നിർദ്ദേശിക്കുന്ന സമയങ്ങളിൽ
4	കിടപ്പ് രോഗികൾക്ക് മരുന്ന് വിതരണം		മെഡിക്കൽ ഓഫീസർ നിർദ്ദേശിക്കുന്ന കാലയളവിൽ രോഗി ആശുപത്രിയിൽ കഴിയണം. നിർദ്ദേശിക്കുന്ന മരുന്ന് യഥാസമയം മരുന്ന് നൽകുന്നു.		ഇല്ല	
5	പ്രതിരോധ ചികിത്സ	പേര് രജിസ്റ്റർ ചെയ്യണം	നേരിട്ട് ഹാജരാവണം	മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പൊതുജന ആരോഗ്യവിഭാഗം	ഇല്ല	9.00 എ.എം 4.00 പി.എം
6	ബോധവത്കരണ / ആരോഗ്യ/മെഡിക്കൽ ക്യാമ്പുകൾ	ആവശ്യാധിഷ്ഠിതം	സന്നദ്ധസംഘടനകളുടെ അപേക്ഷപ്രകാരം	മെഡിക്കൽ ഓഫീസർ/ മെഡിക്കൽ ഓഫീസർ ചുമതലപ്പെടുത്തുന്ന ആരോഗ്യപ്രവർത്തകർ	ഗവൺമെന്റ് നിരക്ക്	
7	മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നൽകൽ	മെഡിക്കൽ ഓഫീസറുടെ പരിശോധനയ്ക്ക് ശേഷം	അപേക്ഷ പ്രകാരം	ചീഫ് മെഡിക്കൽ ഓഫീസർ/മെഡിക്കൽ ഓഫീസർ	ഇല്ല	
8	വിവിധ സർട്ടിഫിക്കറ്റുകളുടേയും രേഖകളുടേയും രേഖകളുടേയും സാക്ഷ്യപ്പെടുത്തൽ	പേര് രജിസ്റ്റർ ചെയ്യുക	ബന്ധപ്പെട്ട ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി നേരിൽ ഹാജരാവുക	ചീഫ് മെഡിക്കൽ ഓഫീസർ/മെഡിക്കൽ ഓഫീസർ	ഇല്ല	
9	വിദഗ്ധ ചികിത്സയ്ക്കായി റഫറൽ	ഐ.പി യിലുള്ള രോഗികൾ	വിദഗ്ധ ചികിത്സ ആവശ്യമെങ്കിൽ	ചീഫ് മെഡിക്കൽ ഓഫീസർ/മെഡിക്കൽ ഓഫീസർ	ഇല്ല	
10	സാംക്രമിക നിയന്ത്രണ പരിപാടികൾ	പകർച്ച വ്യാധികൾ റിപ്പോർട്ടു ചെയ്യുന്ന സമയങ്ങളിലും		എം.ഒ യുടെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകർ	ഇല്ല	
11	മാതൃശിശുസംരക്ഷണം	എല്ലാ പ്രവൃത്തിദിവസങ്ങളിലും		എം.ഒ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകർ		
12	സാനിറ്ററി ഇൻസ്പെക്ഷൻ	ആവശ്യമായ ഘടകങ്ങൾ				എതു സമയത്തും
13	പഞ്ചായത്തുകളുമായി സഹകരിച്ച വിവിധ ആരോഗ്യ പ്രോജക്ടുകൾ	പ്രോജക്ട് കളങ്ങൾ		വ്യക്തമായി നിർവ്വഹിച്ച പ്രോജക്ടുകൾ	എം.ഒ	എതു സമയത്തും
14	സ്കൂൾ ആരോഗ്യപരിപാടി	തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ		എം.ഒ യുടെ നേതൃത്വത്തിൽ സ്കൂൾ		

പട്ടികജാതി വികസന ആഫീസ്, കോയിപ്രം

ക്രമ. നം	സേവനങ്ങൾ	നിബന്ധനകൾ	അപേക്ഷിക്കേണ്ട വിധം	ഫീസ്	ആവശ്യമായ സമയം / കാലാവധി
1	വിദ്യാഭ്യാസ ധന സഹായം	പട്ടികജാതി കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം പ്രതിവർഷം 1 മുതൽ 4 വരെ ക്ലാസ്സുകൾ 320 രൂപ 5 മുതൽ 7 വരെ ക്ലാസ്സുകൾ 630 രൂപ 8 മുതൽ 10 വരെ ക്ലാസ്സുകൾ 940 രൂപ	പ്രത്യേക അപേക്ഷ നൽകേണ്ടതില്ല. സ്കൂളുകളിൽ നിന്ന് നൽകുന്ന ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.		വിദ്യാർത്ഥിയുടെയും രക്ഷിതാവിന്റെയും ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറും
2	സ്റ്റൈപന്റ്	പട്ടികജാതിക്കാരുടെ ഇടയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന നായാടി വേടർ,വേട്ടുവൻ എന്നീ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന നിരക്കിൽ പ്രതിമാസ സ്റ്റൈപന്റ് നൽകുന്നു. 1 മുതൽ 4 വരെ ക്ലാസ്സുകൾക്ക് 130 രൂപ 2 മുതൽ 4 വരെ ക്ലാസ്സുകൾ 130 രൂപ 3 മുതൽ 4 വരെ ക്ലാസ്സുകൾ 160 രൂപ 3 മുതൽ 10 വരെ ക്ലാസ്സുകൾ 190 രൂപ	സ്കൂളുകളിൽ നിന്ന് നൽകുന്ന ലിസ്റ്റ് പ്രകാരം ആനുകൂല്യം നൽകുന്നതാണ്.	ഇല്ല	ട്രഷറിയിൽ നിന്നും ഡിഡി ലഭ്യമായി 7 ദിവസത്തിനകം നൽകും
3	വിദ്യാഭ്യാസ ആനുകൂല്യം (അയ്യങ്കാളി സ്കോളർഷിപ്പ്)	അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 1 മുതൽ 7 വരെ ട്യൂഷൻ ഫീസായി 1000 രൂപയും സ്പെഷ്യൽ ഫീസായി 333 രൂപയും, 8 മുതൽ 10 വരെ ട്യൂഷൻ ഫീസായി 1500 രൂപയും, സെപഷ്യൽ ഫീസായി 500 രൂപയും പ്രതിവർഷം നൽകുന്നു.	പ്രത്യേക അപേക്ഷ നൽകേണ്ടതില്ല സ്കൂളിൽ നിന്ന് നൽകുന്ന ലിസ്റ്റ് പ്രകാരം അനുകൂല്യം നൽകുന്നതാണ്. അദ്ധ്യായന വർഷം കഴിഞ്ഞ ശേഷം		അക്കൗണ്ട് ട്രാൻസ്ഫർ
4	തോറ്റവർക്ക് വീണ്ടും പഠിക്കുന്നതിന്	എസ്.എസ്.എൽ.സി +2 ഡിഗ്രി തോറ്റവർ വീണ്ടും ട്യൂട്ടോറിയൽ പഠിക്കുന്നതിന് ധനസഹായം നൽകുന്നു. എസ്.എൽ.എൽ.സി യ്ക്ക് മിനിമം 20% മാർക്കും +2/ഡിഗ്രിക്ക് മിനിമം 25% മാർക്കും	പ്രത്യേക അപേക്ഷ നൽകേണ്ടതില്ല.സ്കൂളിൽ നിന്ന് നൽകുന്ന ലിസ്റ്റ് പ്രകാരം അനുകൂല്യം നൽകുന്നതാണ്. അദ്ധ്യായന വർഷം കഴിഞ്ഞ ശേഷം	ഇല്ല	ട്രഷറിയിൽ നിന്നും ഡിഡി ലഭ്യമായി 7 ദിവസത്തിനകം നൽകും
5	പാരൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ ആനുകൂല്യം	റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ നിരക്കിൽ	നിശ്ചിത ഫോറത്തിലുള്ള അപേക്ഷ പഠിക്കുന്ന സ്ഥാപനത്തിലെ മേധാവിയുടെ മേലൊപ്പോടുകൂടി ജാതി സർട്ടിഫിക്കറ്റ്,മുമ്പ് പഠിച്ചിട്ടുള്ള കോഴ്സുകളുടെ സർട്ടിഫിക്കറ്റ്, സർക്കാർ സ്കൂളിലോ കോളേജിലോ അപേക്ഷ നൽകിയിട്ട് അഡ്മിഷൻ ലഭിച്ചിട്ടില്ലെന്നുള്ള സ്ഥാപന മേധാവികളുടെ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ നൽകണം.	ഇല്ല	ട്രഷറിയിൽ നിന്നും ഡിഡി ലഭ്യമായി 7 ദിവസത്തിനകം നൽകും

പൗരാവകാശരേഖ

ക്രമ. നം	സേവനങ്ങൾ	നിബന്ധനകൾ	അപേക്ഷിക്കേണ്ട വിധം	ഫീസ്	ആവശ്യമായ സമയം / കാലാവധി
6	മിശ്രവിവാഹം ധനസഹായം	ഒരാൾ പട്ടികജാതിയും മറ്റെയാൾ പട്ടിക ജാതിയിൽപ്പെടാത്തതുമായിരിക്കണം	വിവാഹം കഴിഞ്ഞ്ശേഷവും മൂന്നു വർഷത്തിനകവും അപേക്ഷ നൽകണം 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2. വിവാഹ സർട്ടിഫിക്കറ്റ് 3. രണ്ടുപേരുടെയും ജാതി സർട്ടിഫിക്കറ്റ് 4. രണ്ടുപേരുടെയും ജാതി സർട്ടിഫിക്കറ്റ് 5. ദമ്പതികൾ ഒരുവർഷമായി ഒരുമിച്ച് താമസിക്കുന്നുവെന്ന് എം.എൽ.എ, എം.പി, ഒരു ഗസറ്റഡ് ആഫീസർ എന്നിവരിൽ ആരുടെയെങ്കിലും സാക്ഷ്യപത്രം അപേക്ഷയോടൊപ്പം നൽകണം	ഇല്ല	ദമ്പതികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നല്കും
7	വിവാഹ ധനസഹായം	പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75000/- രൂപ	ഒരു മാസത്തിനകം വരുമാന പരിധി ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, വിവാഹക്ഷണക്കത്ത്, പ്രായം തിരിച്ചറിയുന്നതിന്റെ സാക്ഷ്യപത്രം		പെൺകുട്ടിയുടെ രക്ഷകർത്താവിന്റെ അക്കൗണ്ടിലേക്ക്
8	ഭൂരഹിത ഭവനരഹിത പുനരധിവാസം	ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതിക്കാർക്ക് 5 സെന്റ് ഭൂമി വാങ്ങി വീടു വയ്ക്കുന്നതിനായി ഭൂമിക്ക് 375000 രൂപയും വീടിന് 100000 രൂപയും നൽകും	നിശ്ചിത ഫോമിലുള്ള അപേക്ഷ ജാതി സർട്ടിഫിക്കറ്റും, ഭൂമിയും വീടും ഇല്ലെന്നുള്ള വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റ്, എന്നിവ വേണം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിരിക്കണം . അപേക്ഷ ഫോം ബ്ലോക്ക് പട്ടികജാതിവികസന ഓഫീസിൽ ലഭ്യമാണ്	ഇല്ല	ബാങ്ക് അക്കൗണ്ടിലേക്ക്
9	ഭവന നിർമാണം ധനസഹായം	ഭവന നിർമാണ ധനസഹായമായി പാവപ്പെട്ട പട്ടികജാതിക്കാർക്ക് 40000 രൂപ നൽകി വരുന്നു.	നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, കൈവശ സർട്ടിഫിക്കറ്റ്	ഇല്ല	
10	ട്യൂഷൻ ടീച്ചറുടെ നിയമനം	പ്രീ മെട്രിക് ഹോസ്റ്റലുകളിലെ 5 മുതൽ 10 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിന് ജൂൺ മാസം അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി നിയമിക്കുന്നു.	വെള്ളപേപ്പറിലുള്ള അപേക്ഷ ഡിഗ്രി പാസ്സായിട്ടുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം നൽകണം	ഇല്ല	ഇന്റർവ്യൂ കഴിഞ്ഞ് 7 ദിവസ ഡ്യൂട്ടി നിർവ്വഹണത്തിനുശേഷം
11	വാത്സല്യനിധി	2017 ഏപ്രിലിന് ശേഷം ജനിച്ച പെൺകുട്ടികൾക്ക് അധിഷ്ഠിത വിദ്യാഭ്യാസ പദ്ധതി 13,8000 രൂപ 4 തവണയായി പെൺകുട്ടിയുടെ പേരിൽ LIC യിൽ നിക്ഷേപിക്കും. 18 വയസ് പൂർത്തീകരിക്കുമ്പോൾ 3 ലക്ഷം രൂപ ലഭിക്കും	20000 രൂപയ്ക്ക് താഴെ ഫോറം		
12	പ്രീമെട്രിക് സ്കോളർഷിപ്പ്	4 – 10 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വർഷം രൂപ	ബില്ല് തരുന്ന മുറയ്ക്ക് അനുവദിക്കും		

വ്യവസായ വികസന ഓഫീസ്

ക്രമ. നം	സേവനങ്ങൾ ജോലി	നിർവ്വഹിക്കുന്നതിന് ആവശ്യമായ ഘട്ടങ്ങൾ	ആവശ്യമായ നിബന്ധനകൾ	ചുമതലകൾ	ആവശ്യമായ സമയം/കാലാവധി
1	ചെറുകിട വ്യവസായ സംരംഭകർക്ക് മാർഗ്ഗനിർദ്ദേശങ്ങളും, വിവരങ്ങളും നൽകി പ്രോത്സാഹിപ്പിക്കുന്നു	പുതിയതായി വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട പ്രധാനപ്പെട്ട വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി അവരെ വ്യവസായം തുടങ്ങുന്നതിന് സജ്ജരാക്കുന്നുഉൽപ്പന്നം തെരഞ്ഞെടുക്കൽ, സാമ്പത്തിക ലഭ്യത, സ്ഥലനിർണ്ണയം,വിപണി പഠനവും, വിപണ സാധ്യതയും, യന്ത്ര സാമഗ്രികളുടെ ആവശ്യകതയും ലഭ്യതയും, അസംസ്കൃത വസ്തുക്കളുടെ ലഭ്യത. വിദഗ്ദ്ധ തൊഴിലാളികളുടെ ആവശ്യകത, സാങ്കേതിക കാര്യങ്ങളെകുറിച്ചുള്ള വിവരങ്ങളും അവയുടെ ലഭ്യതയും, പദ്ധതി രൂപരേഖ തയ്യാറാക്കൽ, ഏതെല്ലാം കാര്യങ്ങൾക്ക് ഏതെല്ലാം ഏജൻസികളെയാണ് ബന്ധപ്പെടേണ്ടത്, ആവശ്യമായ ലൈസൻസുകൾ, സമ്മതപത്രങ്ങൾ, അംഗീകാരങ്ങൾ, മുതലായ കാര്യങ്ങളിൽ	അവശ്യപ്രകാരം സേവനം ലഭ്യമാകുന്നു.	വ്യവസായ വികസന ഓഫീസർ	തിങ്കൾ, ബുധൻ ദിവസങ്ങളിൽ വ്യവസായ വികസന ഓഫീസറുടെ സേവനം ലഭ്യമാണ്
2	പ്രധാനമന്ത്രിയുടെ സ്വയം തൊഴിൽ ദായക പദ്ധതി പ്രകാരം അപേക്ഷയും, മറ്റ് അനുബന്ധ രേഖകളും തയ്യാറാക്കൽ (പിഎംഇജിപി)	സ്വയം തൊഴിൽ പദ്ധതിയിലേക്കുള്ള അപേക്ഷ ശരിയായ രീതിയിൽ തയ്യാറാക്കുന്നതിന് ആവശ്യമായ സഹായം നൽകുന്നു. ടാസ്ക്ഫോഴ്സ് കൂടികാഴ്ചയിൽ തെരഞ്ഞെടുത്ത അപേക്ഷയിൽ തെരഞ്ഞെടുത്ത അപേക്ഷകൾ,ബന്ധപ്പെട്ട ബാങ്കുകൾക്ക് കൈമാറി അർഹരായ വായ്പ ലഭ്യമാക്കുന്നതിന് തുടർ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു.	10 ലക്ഷം രൂപ വരെ മുതൽ മുടക്ക് വരുന്ന സേവനവ്യവസായങ്ങളും 25 ലക്ഷം രൂപ വരെ മുതൽ മുടക്ക് വരുന്ന ഉൽപാദന വ്യവസായങ്ങളും ആരംഭിക്കാവുന്നതാണ്. പഞ്ചായത്ത് പ്രദേശത്ത് പദ്ധതി ചെലവിന്റെ 35% മുൻഗണനാവിഭാഗങ്ങൾക്ക് സബ്സിഡിയായി നൽകുന്നു. പൊതുവിഭാഗം അപേക്ഷകർക്ക് മുതൽ മുടക്കിന്റെ 25% സബ്സിഡിയായി അനുവദിച്ച് നൽകുന്നതുമാണ്.	വ്യവസായ വികസന ഓഫീസർ	തിങ്കൾ, ബുധൻ ദിവസങ്ങളിൽ വ്യവസായ വികസന ഓഫീസറുടെ സേവനം ലഭ്യമാണ്
3	സംരംഭകത്വ സഹായ പദ്ധതി	സംരംഭകത്വ സഹായ പദ്ധതി പ്രകാരം വ്യവസായ സംരംഭകർക്ക് സ്ഥിരനിക്ഷേപങ്ങൾക്ക് ആനുപാതികമായി സബ്സിഡി ലഭിക്കുന്നതിന് ആവശ്യമായ അപേക്ഷയും അനുബന്ധരേഖയും ഓൺലൈനായി അപേക്ഷിക്കുന്നതിന് സഹായം നൽകുന്നു.			
4	ഉദ്യോഗ ആധാർ രജിസ്ട്രേഷൻ	സംരംഭത്തിന് ആവശ്യമായ രജിസ്ട്രേഷൻ (യുഎഎം) ഫയൽ ചെയ്യുന്നതിന് സഹായം നൽകുന്നു			

ക്രമ. നം	സേവനങ്ങൾ ജോലി	നിർവ്വഹിക്കുന്നതിന് ആവശ്യമായ ഘട്ടങ്ങൾ	ആവശ്യമായ നിബന്ധനകൾ	ചുമതലകൾ	ആവശ്യമായ സമയം/കാലാവധി
5	ടെക്കിനിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട്	ബാങ്ക് വായ്പയ്ക്കുള്ള അപേക്ഷയും, പ്രോജക്ട് റിപ്പോർട്ടും ശുപാർശയോടു കൂടി ബാങ്കിൽ സമർപ്പിക്കുന്നു.		വ്യവസായ വികസന ഓഫീസർ	തിങ്കൾ, ബുധൻ ദിവസങ്ങളിൽ വ്യവസായ വികസന ഓഫീസറുടെ സേവനം ലഭ്യമാണ്
6	വ്യവസായങ്ങൾക്കായി സർക്കാരും വിവിധ ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചും വിവിധ പരിശീലന പരിപാടികൾ വിവിധ സ്ഥാപനങ്ങളിൽ ലഭ്യമായ സാങ്കേതികത എന്നിവയെ കുറിച്ചും വിവരങ്ങൾ ലഭ്യമാകുന്നു.	ബാധകമല്ല	ലഭ്യമായ വിവരങ്ങൾ അപ്പോൾതന്നെ നൽകുകയും തത്സമയം നൽകാൻകഴിയാത്ത വിവരങ്ങൾ ശേഖരിച്ച് അടുത്ത പ്രവൃത്തി ദിവസം ലഭ്യമാകുന്നു.	വ്യവസായ വികസന ഓഫീസർ	തിങ്കൾ, ബുധൻ ദിവസങ്ങളിൽ വ്യവസായ വികസന ഓഫീസറുടെ സേവനം ലഭ്യമാണ്
7	വ്യവസായ സംരംഭകത്വ വികസന പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുന്നു	ജനങ്ങളിൽ വ്യവസായ സംരംഭകത്വം വികസിപ്പിക്കുന്നതിനായി സർക്കാരിൽ നിന്നും വ്യവസായ സംരംഭകത്വ വികസന പരിപാടികളും സെമിനാറുകളും നടത്തുന്നതിനാവശ്യമായ തുക ലഭിക്കുന്നതിനനുസരിച്ച് പരിപാടികൾ ബ്ലോക്ക് പ്രദേശത്ത് സംഘടിപ്പിക്കുന്നു.	സംരംഭം തുടങ്ങുവാൻ തല്പരരായ വ്യക്തികൾ/സംഘങ്ങളുടെ ആവശ്യപ്രകാരം ഇതിനായി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല	വ്യവസായ വികസന ഓഫീസർ	തിങ്കൾ, ബുധൻ ദിവസങ്ങളിൽ വ്യവസായ വികസന ഓഫീസറുടെ സേവനം ലഭ്യമാണ്
8	വ്യവസായ പദ്ധതികൾ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളെ സഹായിക്കുന്നു	ബാധകമല്ല	ഗ്രാമപഞ്ചായത്തുകളെ ആവശ്യകത പരിഗണിച്ച് സേവനം നൽകുന്നു.	വ്യവസായ വികസന ഓഫീസർ	തിങ്കൾ, ബുധൻ ദിവസങ്ങളിൽ വ്യവസായ വികസന ഓഫീസറുടെ സേവനം ലഭ്യമാണ്

ശിശുവികസന ഓഫീസ്, കോയിപ്രം

ക്രമ. നം	ലഭ്യമാക്കുന്ന സേവനം	അനുവദിക്കുന്ന തുക	സേവനം ലഭ്യമാക്കുന്ന ഉദ്യോഗസ്ഥൻ	അപേക്ഷകൻ പാലിക്കേണ്ട നിബന്ധന /അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖ	സേവനം ലഭ്യമാക്കാൻ സമയപരിധി	അപേക്ഷകൻ നൽകേണ്ട ഫീസ്	കുറിപ്പ്
1	ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിലെ 7 ഗ്രാമപഞ്ചായത്തുകളിലെയും അംഗൻവാടികൾ വഴി നടത്തുന്ന സൗജന്യ പോഷകാഹാര വിതരണം, പ്രീസ്കൂൾ വിദ്യാഭ്യാസം, ആരോഗ്യ പോഷണ വിദ്യാഭ്യാസം, പ്രതിരോധ കുത്തിവെയ്പുകൾ, വർച്ചാ നിരീക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളുടെ മേൽനോട്ടവും ഏകോപനവും		ശിശു വികസന പദ്ധതി ഓഫീസർ	ഇല്ല	വർഷം മുഴുവനും	ഇല്ല	